**നം. കെ.എസ്.എ-കെ.ടി.എം.പി.13/1701/2019** **തീയതി :07.12.2019**

# കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 31.08.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | **ശ്രീ.സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2019 മുതൽ 31.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി മായ ആർ | ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി സ്മിത ജി നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി രഞ്ചു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ. ഉണ്ണികൃഷ്ണൻ എം | ഓഡിറ്റർ |
| | | ശ്രീമതി. കൃഷ്ണപ്രിയ | ഓഡിറ്റർ |

| | | | |
|---|---|---|---|
| | | എസ് | |

**(ബി) നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ഫിലിപ്പോസ് തോമസ് | 1.4.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | : | ശ്രീ.കെ ബാബുരാജ് | 1.4.18 മുതൽ 05.10.18വരെ |
| | | ശ്രീ.കെ.എൻ രാധാകൃഷ്ണൻ നായർ | 9.10.18 മുതൽ 31.03.19വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സോണിയ.പി.മാത്യു | 1.4.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.പ്രമോദ് ഗോപൻ | 1.4.18 മുതൽ 08.07.18 വരെ |
| | ശ്രീമതി.ആഷാരാജ് | 09.07.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.സ്വപ്നമഞ്ജരി | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ.സൗദ ഇ.എ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അഞ്ജലി വി. | 1.4.18 മുതൽ 31.3.19 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.എം.ജി.രാജീവ് | 1.4.18 മുതൽ 31.7.18 വരെ |
| | ഡോ.ബിനോയ്.പി.മാത്യു | 1.8.18 മുതൽ 20.9.18 വരെ |
| | | 28.02.19 മുതൽ 31.3.19 വരെ |
| | ഡോ അനീഷ്.പി.എ | 20.09.18 മുതൽ 19.11.18വരെ |
| | ഡോ.സന്തോഷ് ജോസഫ് | 20.11.18 മുതൽ |

| | | |
|---|---|---|
| | | 27.02.19 വരെ |
| കൃഷിഓഫീസർ | ശ്രീമതി നുബിയ ബഷീർ | 1.4.18 മുതൽ 18.08.18 വരെ |
| | ശ്രീമതി സൂര്യമോൾ.റ്റി.ആർ | 19.08.18 മുതൽ 09.09.18 വരെ |
| | ശ്രീ.പ്രവീൺ ജോൺ | 10.09.18 മുതൽ 31.3.19വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി മഞ്ജു.പി.പി, | 1.4.18 മുതൽ 31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജൂലി ജോസ് | 1.4.18 മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഓമന മാത്യു | 1.4.18 മുതൽ 31.3.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശ്രീജേഷ് കെ. വിജയൻ | 1.4.18 മുതൽ 04.12.18 വരെ |
| | ശ്രീ.അജിത് കുമാർ | 10.12.18 മുതൽ 31.3.19 വരെ |
| | ശ്രീ.മനു മോഹൻ | 1.4.18 മുതൽ 31.8.18 വരെ |
| | ശ്രീ.അരുൺ സുരേന്ദ്രൻ | 21.11.18 മുതൽ 31.3.19 വരെ |

**(ഡി) <u>ഉള്ളടക്കം</u>**



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-4 |
| 5 | ക്യാഷ് വെരിഫിക്കേഷൻ | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷികധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും | 1-7 |
| 8 | വസ്തുനികുതി അനർഹമായി ഒഴിവാക്കി നൽകി | 1-8 |
| 9 | വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-9 |
| 10 | വസ്തുനികുതി കുടിശിക- ഇരുപത് ലക്ഷത്തിലധികം | 1-10 |
| 11 | മൊബൈൽ ടവറുകളുടെ വസ്തുനികുതി – കുടിശിക ഈടാക്കാൻ നടപടിയെടുത്തിട്ടില്ല | 1-11 |
| 12 | വാണിജ്യവ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു | 1-12 |
| 13 | ലൈസൻസ് നൽകൽ – ഭേദഗതി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-13 |
| 14 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-14 |
| 15 | സ്വകാര്യ ആശുപത്രി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 16 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 1-16 |
| 17 | മൊബൈൽ ടവർ നിർമ്മാണം – പെർമിറ്റ് കാലാവധിക്കുശേഷവും നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല | 1-17 |
| 18 | വാടക | 1-18 |
| 19 | ബസ് സ്റ്റാന്റ് ലേലം – ജി എസ് റ്റി അടച്ചിട്ടില്ല | 1-19 |
| 20 | ലേലം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |
| 21 | ഇ- ടെൻഡർ – ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല | 1-21 |

| | | |
|---|---|---|
| 22 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല | 1-22 |
| 23 | ദുരിതാശ്വാസനിധി രൂപീകരിക്കുന്നത് സംബന്ധിച്ച് | 1-23 |
| 24 | ഒ പി ടിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ് – എച്ച് എം സി ഫണ്ടിൽ മതിയായ തുകയുണ്ടായിട്ടും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു | 1-24 |
| 25 | പഞ്ചായത്ത് ഓഫീസിലെ നിലവിലുള്ള ഒഴിവ് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നില്ല | 1-25 |
| 26 | വെള്ളക്കരം – സംയുക്ത പരിശോധന നടത്തുന്നില്ല | 1-26 |
| 27 | ജി എസ് ടി പത്രിക സമർപ്പണം വൈകി – പിഴ ഇനത്തിൽ തുക തനത് ഫണ്ടിൽ നിന്നും ഒടുക്കി | 1-27 |
| 28 | കാർഷിക വിപണനകേന്ദ്രം – കൃത്യമായ ആസൂത്രണമില്ലാതെ നിർമ്മാണം നടത്തിയ വൈദ്യുതീകരണ പ്രവൃത്തികൾ പൊളിച്ചുമാറ്റിയ നിലയിൽ | 1-28 |
| 29 | വെള്ളൂർ – പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് പ്ലാൻ, ഡിസൈൻ തയ്യാറാക്കൽ 4.66 ലക്ഷം- നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-29 |
| 30 | ഭൂജലവകുപ്പിൽ നിന്നും അധികം നിക്ഷേപിച്ച തുക തിരികെ ഈടാക്കിയില്ല | 1-30 |
| 31 | ആശ്രയവിഹിതം നൽകി- അഗതികേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | 1-31 |
| 32 | കുടിവെള്ള പദ്ധതികൾ- പൂർത്തീകരണഘട്ടത്തിലേക്കെത്തുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല | 1-32 |
| 33 | എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം – സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-33 |
| 34 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് നൽകൽ- നികുതി വിഹിതം ഒടുക്കാത്ത തുക തിരികെ ഈടാക്കിയില്ല | 1-34 |
| 35 | ഏഴാം വാർഡിൽ സാംസ്കാരിക നിലയം നിർമ്മാണം പരിപാലനത്തിന്റെ അഭാവത്താൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല | 1-35 |

| | | |
|---|---|---|
| 36 | പതിനഞ്ചാം വാർഡിലെ സാംസ്കാരിക നിലയ നിർമ്മാണം- ഭാഗിക കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കി | 1-36 |
| 37 | വായ്പാ ബന്ധിത ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-37 |
| 38 | തേനീച്ച കോളനി വിതരണം പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ നിലനിൽക്കുന്നു | 1-38 |
| 39 | കേടായ തെങ്ങ് മുറിച്ചുമാറ്റൽ പ്രോജക്ട് – സർക്കാർ ഉത്തരവ് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല | 1-39 |
| 40 | ബാലസഭ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ, ചെലവഴിക്കൽ ക്രമപ്രകാരമല്ല | 1-40 |
| 41 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ് (എസ് സി വിഭാഗം) – നടപടിക്രമങ്ങൾ പാലിച്ചില്ല | 1-41 |
| 42 | വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്. സി വിഭാഗം)- ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല | 1-42 |
| 43 | നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ച് നൽകി | 1-43 |
| 44 | കന്നുകുട്ടി പരിപാലനം- വിനിയോഗവിവരം ലഭ്യമല്ല | 1-44 |
| 45 | ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകളും തുക ഈടാക്കലും | 1-45 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 1 | പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 26 നമ്പർ മുറി 2018-19 വർഷം വാടകയ്ക്ക് നൽകിയില്ല- ഗ്രാമപഞ്ചായത്തിന് 7 മാസത്തെ വാടകനഷ്ടം | 2-1 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | കൺവീനർമാർക്ക് ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം തുക നൽകി | 3-1 |
| 3-2 | തേനീച്ച കോളനി വിതരണം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു | 3-2 |

| | | |
|---|---|---|
| 3-3 | ബാലസഭ പ്രവർത്തനങ്ങൾക്ക് അധികതുക ചെലവഴിച്ചു | 3-3 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | അനുബന്ധം-1 |
| 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ | അനുബന്ധം-2 |
| 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | അനുബന്ധം-3 |
| 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | അനുബന്ധം-4 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ I/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 10-02-2019 തീയതിയിലെ 8(1) നം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19424275 | 19424275 | 17947540 | 1476735 | 92.39 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4851000 | 4851000 | 3563940 | 1287060 | 73.46 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1208000 | 1208000 | 565645 | 642355 | 46.82 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17031000 | 17031000 | 13725725 | 3305275 | 80.58 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4372000 | 4372000 | 1840120 | 2531880 | 42.08 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9021000 | 9021000 | 6510590 | 2510410 | 72.17 |
| സാക്ഷരത | | 32000 | 0 | 32000 | 0 | 32000 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16322297 | 16322297 | 16322297 | 0 | 100 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 1472 | 543627 | 545099 | 522250 | 22849 | 95.8 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1084721 | 1671875 | 2756596 | 731875 | 2024721* | 26.54 |
| | ജില്ലാ പഞ്ചായത്ത് | 0 | 642902 | 642902 | 502744 | 140158 | 78.2 |
| ബി ഫണ്ട് | | 0 | 168200 | 168200 | 168200 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 13549016 | 13549016 | 11910571 | 1638445 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 20988835 | 18246028 | 39234863 | 14200882 | 25033981 | |
| | ട്രഷറി അക്കൗണ്ട് | 1084346 | 21432578 | 22516924 | 31170604 | 8653680 | |
| ശുചിത്വമിഷൻ ഗ്രാന്റ് | | 0 | 1652051 | 1652051 | 200000 | 1452051 | 12.1 |

* വാർഷിക ധനകാര്യപത്രിക B4 ഷെഡ്യൂൾ പ്രകാരം 2184721 രൂപ ബാലൻസ് കാണുന്നത് കൃത്യമല്ല.

## 1-3 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.2019ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 18.01.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 08.02.2018 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 01.03.2018 |

| | |
|---|---|
| സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം | 02.03.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24.02.2018 |
| വികസനസെമിനാർ | 07.03.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 99791683/- രൂപയും ആകെ ചെലവ് 58305896/- രൂപയുമാണ്. ചെലവുശതമാനം 58.42%. അംഗീകാരം ലഭിച്ച 278 പ്രോജക്ടുകളിൽ 203 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 10 | 1704960 | 1134500 | 66.54 |
| വെറ്ററിനറി സർജൻ | 9 | 6 | 6276000 | 2273400 | 36.22 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 4615691 | 3913435 | 84.78 |
| വിഇഒ-I | 9 | 6 | 6345000 | 3992101 | 62.9 |
| വിഇഒ-II | 10 | 9 | 7950491 | 4171585 | 52.4 |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 4 | 4 | 968300 | 967862 | 99.9 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 70000 | 70000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 600000 | 600000 | 100 |
| സെക്രട്ടറി | 44 | 31 | 25656185 | 16099817 | 62.75 |
| എച്ച് എം | 4 | 2 | 483000 | 181900 | 37.66 |
| അസി.എഞ്ചിനീയർ | 166 | 117 | 41157456 | 22561598 | 54.81 |
| അസി.സെക്രട്ടറി | 11 | 9 | 2964600 | 1379428 | 46.53 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 1000000 | 1000000 | 100 |

| | | | | | |
|---|---|---|---|---|---|
| **ആകെ** | 278 | 203 | 99791683 | 58305896 | 58.42% |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല– 1.17 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

2018-19 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 71% മാത്രമാണ്. കൂടാതെ ടിഎസ്പി, റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം യഥാക്രമം 46.82%, 42.08% മാത്രമാണ്. വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്/മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ 40% തുക പോലും തൻവർഷം ചെലവഴിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 166 പ്രോജക്ടുകളിൽ 117 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 54.81%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 1476735 |
| എസ് സിപി | 1287060 |
| ടി എസ് പി | 642355 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3306275 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 2531880 |
| സിഎഫ് സി ഗ്രാന്റ് | 2510410 |
| **ആകെ** | **1,17,54,715** |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.17 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. താഴെ പരാമർശിക്കുന്നത് പ്രകാരമുള്ള ചില പ്രോജക്ടുകൾ ഉപേക്ഷിക്കപ്പെട്ടതും വിനിയോഗലക്ഷ്യം കൈവരിക്കുന്നതിന് തടസ്സകാരണമായി. ഉപേക്ഷിക്കപ്പെട്ട ചില പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1)192/19 എക്സൈസ് ഓഫീസിന് സ്ഥലം വാങ്ങൽ

2)199/19 ബസ് സ്റ്റാൻഡ് നവീകരണം -പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ

3)44/19 പഞ്ചായത്ത് ഓഫീസിന് ഇരുചക്രവാഹനം വാങ്ങൽ

4) 261/19 കുടുംബശ്രീ ഉത്പന്ന വിപണനകേന്ദ്രം

5) 300/19 കൊച്ചാറ അങ്കണവാടി നിർമ്മാണം

6) 312/19 തുമ്പൂർമുഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്

1.17 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

**സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു**

സുലേഖ സോഫ്റ്റ്വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ചെലവുപത്രികയിൽ ചെലവ് രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രൊജക്റ്റുകളിൽ 2018-19 വർഷം ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് സുലേഖ പത്രികയിൽ ചെലവ് ചേർത്തിരുന്നില്ല. തൻമൂലം സുലേഖ പ്രകാരം വെറ്ററിനറി സർജന്റെ ആകെ ചെലവ് ശതമാനം 36% മാത്രമായി. ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്റ്റുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ഗ്രാമ പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

**വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും 08.02.18ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. കൃഷി അനുബന്ധ മേഖലകൾ, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം/സംസ്കാരം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് പോലുമില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**വികസനകാര്യം**

2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. മരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയിരുന്ന പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റിയുടെ കീഴിലുള്ള പൊതുമരാമത്ത്, കൃഷി, ചെറുകിടവ്യവസായം, മൃഗസംരക്ഷണം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിച്ചിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

**ധനകാര്യം**

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന്

കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ കീഴിലുള്ള കണക്കുകൾ/രേഖകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ നിർജ്ജീവമായിരുന്നുവെങ്കിലും സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ല.

**ആരോഗ്യം/വിദ്യാഭ്യാസം**

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നുവെങ്കിലും അതിന്റെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ലായെന്ന് കാണുന്നു. ആരോഗ്യം, കുടിവെള്ളം/ശുചിത്വം, വിദ്യാഭ്യാസം/സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ലായെന്ന് കാണുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ്മസേന സജ്ജമാക്കൽ, തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

**ക്ഷേമകാര്യം**

പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് നിരവധി ശുപാർശകൾ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ദാരിദ്ര്യലഘൂകരണം, സാമൂഹ്യക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയോ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല.

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ സെക്ഷന് കൈമാറാനുള്ള ഫയലുകൾ രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം കൈമാറി നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി പ്യൂരിഫിക്കേഷൻ നടപടികൾ ഏറെക്കുറെ കൃത്യമാക്കുവാൻ തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏപ്രിൽ 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഒക്ടോബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം

ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല (ഉദാ- കുടിവെള്ള പദ്ധതികൾ, സാംസ്കാരിക നിലയങ്ങൾ).

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019 തീയതിയിൽ 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79121/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.05.19 | 01.03.2019-30.04.2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2017 – 14.07.2017 | 2012-13മുതൽ 2016-17വരെ | LBA(HQ)II/8A-2650/17-18/151 തീയതി 21.08.17 |

## 1-7 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും അവലോകനവും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടില്ല.
2. കിട്ടാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ സൂക്ഷിച്ചിട്ടില്ല.
3. സഞ്ചയപ്രകാരമുള്ള വസ്തുനികുതി കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. B-4 പട്ടികയിലെ 320400199 ശീർഷകത്തിലെ ബാലൻസ് തുക 569855 രൂപ ഏതിനത്തിലേതെന്ന് വ്യക്തമല്ല.
5. RP- 26 ൽ prior period item – ലെ തുകകളുടെ കൃത്യത വ്യക്തമല്ല
6. ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന പ്രോജക്ടുകളിലെ തുക Direct Expenditure ആയി I-14 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. 6. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ

കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

8. എം ജി എൻ ആർ ഇ ജി എസ് ഭരണ വരവ്ചെലവ് കണക്കുകൾ വാർഷികകണക്കിലുൾപ്പെടുത്തിയിട്ടില്ല

9. സംയുക്തകണക്കുൾക്ക് ലഭിച്ച തുകകളുടെ ബി4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ബാലൻസ് യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുന്നില്ല

10. തനത് ഫണ്ടിൽ നിന്നും നൽകിയ മൂന്ന് മാസത്തിലധികം പഴക്കമുള്ളതും കാലഹരണപ്പെട്ടതുമായ താഴെപ്പറയുന്ന ചെക്കുകൾ ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

| അക്കൗണ്ട് | ചെക്ക് നം/തീയതി | തുക |
|---|---|---|
| എസ് സി ബി പാമ്പാടി | 4351/12.12.18 | 810 |
| എസ് ബി ഐ പാമ്പാടി | 627644,/21.03,17 | 5000 |

## 1-8 വസ്തുനികുതി അനർഹമായി ഒഴിവാക്കി നൽകി

1.ഗ്രാമപഞ്ചായത്തിന്റെ 16 ാം വാർഡിൽ ആശ്വാസഭവൻ പാമ്പാടിയുടെ ഉടമസ്ഥതയിലുള്ള താഴെപറയുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായി പ്രവർത്തിച്ചിരുന്ന കെട്ടിടം നിലവിൽ ടി ആവശ്യത്തിൽ പ്രവർത്തിക്കുന്നില്ലായെന്ന് കാണുന്നു. കൂടാതെ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായി പ്രവർത്തിക്കുന്ന സമയത്തും ആശ്വാസഭവൻ കോമ്പൗണ്ടിലുള്ള ടി ആവശ്യത്തിനുപയോഗിക്കാത്ത വീടും മറ്റനുബന്ധകെട്ടിടങ്ങളുടെയും വസ്തു നികുതി ഒഴിവാക്കി നൽകുകയുണ്ടായി.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|
| 16/212 | ആശ്വാസഭവൻ | 400m2 |
| 16/213 | ആശ്വാസഭവൻ പാമ്പാടി | 130m2 |
| 16/215 | പ്രിൻസിപ്പൽ ഓഫീസ് | 210m2 |
| 16/216 | സ്കൂൾ ഓഡിറ്റോറിയം | Not signed |
| 16/218 | വീട് | 150m2 |

വിശദീകരണം ആരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടി കെട്ടിടം അസസ്സ് ചെയ്ത സമയത്ത് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനായി പ്രവർത്തിച്ചതിനാലാണ് നികുതി ഒഴിവാക്കിയതെന്നും നിലവിലെ സ്ഥിതി പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിലെ ഉപയോഗക്രമം പരിശോധിച്ച് തദനുസൃതമായി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

2.സ്വയംഭരണ സ്ഥാപനത്തിന്റെ വസ്തുനികുതി ഒഴിവാക്കിയ സാഹചര്യം വ്യക്തമല്ല.

വാർഡ് 5ൽ 498/A എന്ന നമ്പരിലുള്ളതും ഡയറക്ടർ ജനറൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്

കമ്മ്യൂണിക്കേഷൻ ന്റെ ഉടമസ്ഥതയിലുള്ളതുമായ 2564.63m$^2$ കെട്ടിടത്തിന്റെ വസ്തുനികുതി കേന്ദ്രസർക്കാർ സ്ഥാപനം എന്ന നിലയിൽ ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദമനുസരിച്ച് നികുതി ബാധ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടം എന്ന വ്യവസ്ഥ ഇക്കാര്യത്തിൽ ബാധകമാണോയെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് രേഖകൾ ലഭ്യമല്ലെന്ന് മറുപടി ലഭ്യമാക്കി. താരതമ്യേന കൂടിയ വിസ്തീർണ്ണമുള്ള കെട്ടിടം എന്ന നിലയിൽ ഇക്കാര്യത്തിൽ നിയമപരമായ എല്ലാ ഘടകങ്ങളും പരിശോധിച്ച് നികുതിനിർണ്ണയം സംബന്ധിച്ച തീർപ്പ് കൽപ്പിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-9 വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

I.ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

1. സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയം കുറ്റിക്കൽ
2. സെന്റ് സൈമൺസ് ജേക്കബൈറ്റ് സിറിയൻ ചർച്ച് പാരിഷ് ഹാൾ വെള്ളൂർ
3. സെന്റ് തോമസ് ജേക്കബൈറ്റ് സിറിയൻ ചർച്ച് ഓഡിറ്റോറിയം
4. എസ് എൻ ഡി പി ഓഡിറ്റോറിയം ബ്രാഞ്ച് 266
5. സെന്റ് ജോൺസ് പാരിഷ് ഹാൾ പാമ്പാടി
6. മാർ ഇഗ്നേഷ്യസ് ഏലിയാസ് ജേക്കബൈറ്റ് സിറിയൻ ചർച്ച് ഓഡിറ്റോറിയം, പോത്തൻപുരം

II.ഹോസ്റ്റലിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

വാർഡ് 19ൽ സാൻജോസ് ഹോസ്റ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനം ഹോസ്റ്റൽ എന്ന ഗണത്തിലുൾപ്പെടുത്തി നികുതി അസസ്സ് ചെയതിട്ടില്ല.

III. വാർഡ് 16 ൽ ജീവോദയം എന്ന ആയുർവേദ സുഖചികിത്സാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയിൽ ഈ ഉപയോഗഗണത്തിൽപ്പെട്ട കെട്ടിടങ്ങൾ ഇല്ല. ടി കെട്ടിടത്തെ പാർപ്പിടാവശ്യം എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയത്. പരിശോധന നടത്തി ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി കുടിശ്ശിക- ഇരുപത് ലക്ഷത്തിലധികം

വസ്തുനികുതിയിനത്തിൽ 31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റസിഡെൻഷ്യൽ (കറണ്ട്) | 672335 |
| 431100102 | റസിഡെൻഷ്യൽ (അരിയർ) | 627062 |

| | | |
|---|---|---|
| 431100103 | നോൺ റസിഡെൻഷ്യൽ (കറണ്ട്) | 749203 |
| 431100104 | നോൺ റസിഡെൻഷ്യൽ (അരിയർ) | 596190 |
| ആകെ | | 2644790 |

സഞ്ചയ പ്രകാരം കുടിശ്ശിക 2017990 രൂപ ആണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ ഇനങ്ങളിലെ തുകകൾ കണക്കുകളിലെ വ്യത്യാസത്തിനു കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറുമൂലമാണ് സാംഖ്യ സഞ്ചയ കണക്കുകളിൽ വ്യതാസം നിലനിൽക്കുന്നതെന്നും സഞ്ചയ പ്യൂരിഫിക്കേഷൻ സമയത്ത് കണ്ടെത്തിയ കെട്ടിട നികുതി പരിഷ്കരണത്തിലുള്ള അപാകതകൾ പരിഹരിക്കുന്ന നടപടി തുടരുന്നു എന്നും കുടിശികയിൽ 671071 രൂപ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ഈടാക്കാൻ നടപടിയെടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപറയുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | കുടിശ്ശിക | തുക (ഗ്രന്ഥശാല വരി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 5/44 A | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2018-19 വരെ | 68040 |
| 2 | 5/472 A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2018-19 | 8615 |
| 3 | 8/270B | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2018-19 വരെ | 63732 |
| 4 | 9/98A | ബി.എസ്.എൻ.എൽ., കോട്ടയം | 2013-14 മുതൽ 2018-19 വരെ | 64980 |
| 5 | 16/754A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 2018-19 | 11979 |
| 6 | 19/561 A | റിലയൻസ് ടവർ ലിമിറ്റഡ് | 2018-19 | 10234 |

കൃത്യമായി നികുതി ഒടുക്കാത്ത ടവറുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും വസ്തുനികുതി കുടിശിക പിഴപലിശ സഹിതം ഈടാക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ പാമ്പാടി ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം പാമ്പാടി ഗ്രാമപഞ്ചായത്തിൽ 626 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| **കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം** | **എണ്ണം** |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1805 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 308 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലെക്സ് | 4 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 18 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 22 |
| ഓഫീസ് ആവശ്യം | 27 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 40 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 40 |
| **ആകെ എണ്ണം** | **2264** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2264 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ

ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 626 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 ലൈസൻസ് നൽകൽ-- ഭേദഗതി ചട്ട പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും 2017- ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടങ്ങൾ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നാക്കി ഭേദഗതി ചെയ്തിട്ടുമുണ്ട്. കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾക്ക് അനുസൃതമായാണോ എന്ന് ഓഡിറ്റിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.
2. അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. പകരം ദൈനംദിന

വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്.

3. എല്ലാ അപേക്ഷകളിന്മേലും സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി ഒപ്പ് വച്ച് അധികൃതമാക്കിയിട്ടില്ല.

**ബി)പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിക്കുന്നു**

2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കൃത്യമായി ഉറപ്പ് വരുത്തുന്നില്ലായെന്ന് കാണുന്നു. മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പരിഹാരനടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രകാരമുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ച് അപേക്ഷകൾ വിതരണം ചെയ്യേണ്ടതും ലൈസൻസ് നൽകേണ്ടതുമാണ്.
2. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും ആയതിനുസരിച്ച് ഫീസ് ഈടാക്കേണ്ടതുമാണ്.
3. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ

നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 എണ്ണം കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാത്ത ഫാമുകൾ സംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/27.10.19) താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം | അന്വേഷണക്കുറിപ്പിനുള്ള മറുപടി |
|---|---|---|---|---|
| 1 | III/ 398 A | മനോജ് വി എൻ | ലൈവ് സ്റ്റോക്ക് ഷെഡ് | ലൈസൻസ് എടുക്കുന്നതിനാവശ്യമായ മൃഗങ്ങളെ വളർത്തുന്നില്ല |
| 2 | IV/ 405 | ചാണ്ടി ജോൺ | കോഴി വളർത്തൽ ഷെഡ് | ഫാം പ്രവർത്തിക്കുന്നില്ല |
| 3 | VIII/190 A | വർഗ്ഗീസ് കെ മാത്യു | കോഴി വളർത്തൽ ഷെഡ് | പ്രവർത്തനം തുടങ്ങിയിട്ടില്ല |
| 4 | XIV/77 A | വിശ്വനാഥപിള്ള | ലൈവ് സ്റ്റോക്ക് ഷെഡ് | ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 5 | XVI/ 258 C | ബൈജു കാവുംഭാഗം | ലൈവ് സ്റ്റോക്ക് ഷെഡ് | 26.10.19 ൽ ഫാമിനായി അപേക്ഷ നൽകിയിട്ടുണ്ട് |
| 6 | XVI/ 258 D | ബൈജു കാവുംഭാഗം | ലൈവ് സ്റ്റോക്ക് ഷെഡ് | 26.10.19 ൽ ഫാമിനായി അപേക്ഷ നൽകിയിട്ടുണ്ട് |
| 7 | XVI/ 592 B | റെജി വർഗ്ഗീസ് | കോഴി വളർത്തൽ ഷെഡ് | മറുപടിയിൽ പരാമർശമില്ല |

| | | | | |
|---|---|---|---|---|
| 8 | IX/ 138 A | അന്നമ്മ ജോൺ | കോഴി വളർത്തൽ ഷെഡ് | 2019-20 വർഷം ആരംഭിച്ചിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമാണ് |
| 9 | IX/ 138 B | അന്നമ്മ ജോൺ | കോഴി വളർത്തൽ ഷെഡ് | 2019-20 വർഷം ആരംഭിച്ചിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമാണ് |
| 10 | IX/ 138 C | അന്നമ്മ ജോൺ | കോഴി വളർത്തൽ ഷെഡ് | 2019-20 വർഷം ആരംഭിച്ചിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമാണ് |
| 11 | IX/ 138 D | അന്നമ്മ ജോൺ | കോഴി വളർത്തൽ ഷെഡ് | 2019-20 വർഷം ആരംഭിച്ചിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമാണ് |

മേൽ കെട്ടിടങ്ങൾ കൂടാതെ സുമംഗല മുരളീധരൻ (VII/361), ബിജു വർഗ്ഗീസ് (XIII/65), കുഞ്ഞുമോൾ ജോപ്പൻ (II/246A), ചാക്കോ എം സി (XIV/477), എബിൻ കെ രാജ് (XIII/338) എന്നിവർക്ക് കൃഷി ഓഫീസർ നടപ്പാക്കിയ ഹരിതഭവനം എന്ന പ്രോജക്റ്റ് മുഖേന മൃഗങ്ങളെ വളർത്തുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. മേൽ ഗുണഭോക്താക്കളുടെ വളർത്തുമൃഗങ്ങളുടെ യഥാർത്ഥത്തിലുള്ള എണ്ണം സംബന്ധിച്ചുള്ള വിവരം പ്രോജക്റ്റ് ഫയലിൽ നിന്ന് വ്യക്തമല്ല. ആയതിനാൽ ഫാം ലൈസൻസിന്റെ പരിധിയിൽ വരേണ്ടതായ എണ്ണം വളർത്തുമൃഗങ്ങളെ പ്രസ്തുത ഗുണഭോക്താക്കൾ പരിപാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. വസ്തു നികുതി പിരിവിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമം വേർതിരിച്ചറിയുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഫാമുകളെ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതും നിയമാനുസൃതമുള്ള അടിസ്ഥാന സൗകര്യങ്ങളോടെയാണ് ഫാമുകൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 സ്വകാര്യ ആശുപത്രി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിൻെറ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പാമ്പാടി പഞ്ചായത്ത് പരിധിയിലെ ഗൗരിശങ്കര ആയുർവേദ ചികിത്സാകേന്ദ്രം എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/27.10.19) ഗൗരിശങ്കര ആയുർവേദ ചികിത്സാകേന്ദ്രം 07.11.18 തീയതിയിൽ എ3-8036/18നമ്പരായി ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നെന്നും ടി സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം പാർപ്പിട ആവശ്യത്തിലുള്ളതായതിനാൽ ലൈസൻസ്

അനുവദിച്ചിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെ ആയുർവേദ ചികിത്സാകേന്ദ്രം പ്രവർത്തിക്കുന്നത് ചട്ടലംഘനമാണ്. ഇപ്രകാരം ആയുർവേദ ചികിത്സാകേന്ദ്രം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് അനുവദിക്കാൻ പാടില്ലാത്തതും കെട്ടിടത്തിൻെറ ഉപയോഗക്രമം മാറ്റുവാനുള്ളതും ലൈസൻസ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും, പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/27.10.19) റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവക്ക് ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകാൻ ഫീൽഡ് എൻക്വയറി ക്ലർക്കുമാരെ ചുമതലപ്പെടുത്തിയത് പ്രകാരം സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും കള്ളുഷാപ്പുകൾ നടത്തുന്ന ലൈസൻസികൾക്ക് തൊഴിൽ നികുതിയും ലൈസൻസും അടവാക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

## 1-17 മൊബൈൽ ടവർ നിർമ്മാണം-പെർമിറ്റ് കാലാവധിക്കുശേഷവും നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല

മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി ഇൻഡസ് ടവർ ലിമിറ്റഡിന്, സർവ്വെ നം 60/2-5 ൽപ്പെട്ട സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റ് നം A2 2696/15 തീയതി 15.06.15 പ്രകാരവും റീസർവ്വെ നം 130/12 ൽപ്പെട്ട സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റ് നം A2 5399/14 തീയതി 20.11.14 പ്രകാരവും അനുമതി നൽകിയിരുന്നു. ആദ്യത്തെ പെർമിറ്റിന്റെ കാലാവധി 14.06.2016 ലും രണ്ടാമത്തെ പെർമിറ്റിന്റെ കാലാവധി 19.11.2015 അവസാനിച്ചിട്ടുള്ളതാണ്. എന്നാൽ നിർമ്മാണം പൂർത്തിയാക്കി നികുതി അസസ്സ് ചെയ്യുകയോ, പെർമിറ്റിന്റെ കാലാവധി പുതുക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിക്കാതിരുന്നതിന് കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235AA, 235W എന്നിവ പ്രകാരം അനധികൃതനിർമ്മാണത്തിന് സ്വീകരിച്ച

നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് റീ സർവ്വേ നമ്പർ 60/2-5 ൽ പ്പെട്ട സ്ഥലത്ത് ടവർ നിർമ്മിക്കുന്നതിനുള്ള അനുമതി 14.06.16 ന ശേഷം ദീർഘിപ്പിച്ചിട്ടില്ലാത്തതാണെന്നും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് ഫീൽഡ്തലപരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും റീസർവ്വേ 130/12 ൽപ്പെട്ട സ്ഥലത്തെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് 23.08.18 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ തീർപ്പാക്കുന്നതിന്1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235J പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല.

തുടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ക്രമവൽകൽക്കരിക്കാത്ത പക്ഷം 1994ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235AA,235W, 2011ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 19,20 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വാടക

1. വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല

2018-19 വർഷത്തെ വാടകയുടെ റജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | മുറി നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | ഈടാക്കാത്ത മാസങ്ങൾ | കുടിശ്ശിക |
|---|---|---|---|---|---|
| 1 | NCS 8 | റോഷൻ ജോസഫ്, ചിറ്റേത്ത് | 2919+GST | 4/18-3/19 | 35028+GST |
| 3 | MSS7 | തങ്കച്ചൻ വരിക്കമാക്കൽ | 525+GST | 4/18-3/19 | 6300+GST |
| 4 | MSS15 | കുരുവിള മാണി മല്ലക്കാട്ട് പാമ്പാടി | 525+GST | 7/18-3/19 | 6300+GST |
| 5 | MSS16 | കുരുവിള മാണി മല്ലക്കാട്ട് പാമ്പാടി | 525+GST | 6/18-3/19 | 6300+GST |
| 6 | MSS18 | ശേഖരൻ ചുക്കുപറമ്പിൽ പങ്ങട | 525+GST | 4/18-3/19 | 6300+GST |

പ്രതിമാസം ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തുന്ന കുത്തകാർക്കെതിരെ കരാർ ലംഘനത്തിന് സ്വീകരിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല. ടി ആളുകൾക്ക് തന്നെയാണ് 2019-20 വർഷവും മുറി അനുവദിച്ച് നൽകിയത്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് കുടിശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക

വാടകക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

**2. മുൻ വർഷങ്ങളിലെ വാടക കുടിശിക**

ദീർഘകാലമായി വാടകകുടിശിക വരുത്തിയ താഴെപറയുന്ന കുത്തകക്കാരിൽ നിന്ന് തുക ഈടാക്കിയിട്ടില്ല.

| ക്രമ നം | മുറി നം | വാടകക്കാരന്റെ പേര് | ഈടാക്കാത്ത മാസങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | NSC 26 | N J പ്രസാദ് നടുപ്പറമ്പിൽ | 11/15-2/18 | 29845 |
| 2 | MSS5 | ബേബി വർഗ്ഗീസ് തുമ്പോണത്ത് | 8/15-3/18 | 14916 |

കുടിശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് രണ്ട് കുടിശികക്കാർക്കുമെതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

## 1-19 ബസ് സ്റ്റാന്റ് ലേലം -ജി എസ് റ്റി അടച്ചിട്ടില്ല

ബസ് സ്റ്റാന്റ് ലേലം കൊണ്ട പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനിൽ നിന്നും ലേലത്തുകയുടെ 18% തുകയായ 48960 ജിഎസ്റ്റി ഈടാക്കിയിട്ടില്ല (272000X18%). വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് തുക അടവാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ലേലം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

**1.ആഞ്ഞിലി ലേലം നടത്തിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ 6ാം വാർഡിൽ കുപ്പത്താനം അങ്കണവാടിയുടെ മുൻപിലുള്ള ആഞ്ഞിലിമരം ലേലം നടത്തിയതിൽ ആരും ലേലം കൈക്കൊള്ളാത്തതിനെ തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 39000 രൂപയ്ക്ക് സ്കറിയ ഏബ്രഹാം, കുന്നേൽ എന്ന വ്യക്തിക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. എന്നാൽ ടിയാൻ തൻവർഷം തുക അടച്ചില്ല. റീകൊട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 23 /10/19 ലെ കമ്മറ്റി റിക്വട്ടേഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**2പാമ്പാടി കാർഷിക വിപണനകേന്ദ്രം നിർമ്മാണം- പൊട്ടിച്ചെടുത്ത കരിങ്കല്ലുകൾ ലേലം ചെയ്തിട്ടില്ല**

പാമ്പാടി കാർഷിക വിപണനകേന്ദ്രം നിർമ്മാണം നടത്തിയ സ്ഥലത്ത് പൊട്ടിച്ച് സൂക്ഷിച്ചിട്ടുള്ള 100.24 ഘനമീറ്റർ അളവിലുള്ള കരിങ്കല്ലുകൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് എ

ഇ യെ ചുമതലപ്പെടുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റി (13.07.2018 ലെ അജണ്ട 5 തീരുമാനം 1) തീരുമാനിച്ചിരുന്നു. കമ്മറ്റി തീരുമാനം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനിയറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ തീരുമാനമെടുത്തതെന്നും അസിസ്റ്റന്റ് എഞ്ചിനിയർ നടത്തിയ അന്വേഷണത്തിൽ പാറ വെള്ളൂർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനുള്ള സ്ഥലത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചു. കരിങ്കല്ലിന്റെ മാർക്കറ്റ് മൂല്യം കണക്കാക്കി ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം പാമ്പാടി ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 3). ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/ 2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പാമ്പാടി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ടി അക്കൗണ്ടിലേക്ക് ടെൻഡർഫീയിനത്തിലുള്ള തുകകൾ ലഭ്യമായിട്ടില്ല. പ്രസ്തുത അക്കൗണ്ടിലേക്ക് ടെൻഡർ ഫീ തുകകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 25047 |
| 2 | 320100299 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 156852 |
| 3 | 320200319 | ഖരമാലിന്യസംസ്കരണത്തിന് ലഭിച്ച ഗ്രാന്റ് | 335174 |
| 4 | 320300103 | സമ്പൂർണ്ണ ശുചിത്വം | 37500 |

| | | | |
|---|---|---|---|
| 5 | 320300199 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ട് | 21880 |
| 6 | 320200309 | സാക്ഷരത ഗ്രാന്റ് | 32000 |
| 7 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 1452051 |
| 8 | 320400199 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റ്- അദർ ഫിനാൻഷ്യൽ ഇൻസ്റ്റിട്ടൂഷൻസ് | 569855 |
| 9 | 320500101 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റ്-വെൽഫെയർ ബോഡീസ് | 750000 |
| 10 | 320700104 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച തുക- (കാപിറ്റൽ) ബ്ലോക്ക് പഞ്ചായത്ത് | 674721 |
| 11 | 320700204 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച തുക-(റവന്യൂ)ബ്ലോക്ക് പഞ്ചായത്ത് | 1510000 |
| 12 | 320700205 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച തുക- (റവന്യൂ) ജില്ലാ പഞ്ചായത്ത് | 140158 |
| 13 | 320700404 | പ്രത്യേക ആവശ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ലഭിച്ച തുക- (റവന്യൂ) | 685613 |

തുകകൾ ലഭിച്ച വർഷം, ആവശ്യം, ചെലവഴിക്കാത്തതിന്റെ കാരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാത്ത തുകകളിൽ സംയുക്തപ്രോജക്ടിനുള്ള തുകയും ഉൾപ്പെടും. തുകകൾ വിനിയോഗിക്കാത്ത പക്ഷം അതാത് ഏജൻസികളിൽ തിരികെ അടച്ച് പഞ്ചായത്തിന്റെ ബാദ്ധ്യതകണക്കിൽ നിന്ന് ഒഴിവാക്കേണ്ടതാണ്

**സർക്കാരിലേക്ക് ഒടുക്കേണ്ട വിഹിതങ്ങൾ അടവാക്കിയിട്ടില്ല**

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിലുള്ള സർക്കാർ വിഹിതം അടവാക്കാനുള്ളതായി കാണുന്നു

| | | |
|---|---|---|
| 350300104 | സർക്കാർ വിഹിതം – സർവീസ് ടാക്സ് | 19899 |
| 350300199 | സർക്കാർ വിഹിതം -മറ്റിനങ്ങൾ | 19104 |

തുകകളുടെ വിശദാംശങ്ങൾ, തുക അടവാക്കത്തതിന് കാരണം എന്നിവ വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ യഥാസമയം അടവാക്കേണ്ടതും പലിശയിനത്തിലുള്ള

ബാദ്ധ്യത ഒഴിവാക്കേണ്ടതുമാണ്.

## 1-23 ദുരിതാശ്വാസ നിധി രൂപീകരിക്കുന്നത് സംബന്ധിച്ച്

1994 -ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് പ്രകാരവും 2003 ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം കമ്മറ്റിയുടെ പരിഗണനയ്ക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ഒ.പി ടിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ്- എച്ച്. എം. സി ഫണ്ടിൽ മതിയായ തുകയുണ്ടായിട്ടും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു

വൗച്ചർ നം.21800334/17.07.18 പ്രകാരം ഒ.പി ടിക്കറ്റ് പ്രിന്റിംഗ് ചാർജ്ജിനത്തിൽ 1200/- രൂപ ആയുർ വേദ മെഡിക്കൽ ഓഫീസർക്കും വൗച്ചർ നം.21800445/20.08.18 പ്രകാരം കൂപ്പൺ പ്രിന്റിംഗ് ചാർജ്ജിനത്തിൽ 2250/-രൂപ ഹോമിയോ മെഡിക്കൽ ഓഫീസർക്കും നല്കിയിട്ടുണ്ട്. ടി തുകകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും വിനിയോഗിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/ 28.10.2019) എച്ച്.എം.സി ഫണ്ടിൽ മതിയായ തുകയില്ലാത്തതിനാലാണ് ഇപ്രകാരം വിനിയോഗിച്ചിട്ടുള്ളത് എന്നാണ് സെക്രട്ടറി മറുപടി നല്കിയത്. ഇത് ശരിയല്ല. 2018-19 വർഷത്തെ എച്ച്.എം.സി കണക്കുകൾ പരിശോധിച്ചതിൽ, എച്ച്.എം.സിയ്ക്ക് ആവശ്യത്തിന് ഫണ്ട് ബാലൻസ് നിലനിൽക്കുന്നതായി ബോധ്യപ്പെട്ടു. പൊതുജനാരോഗ്യസ്ഥാപനത്തിലെ ചികിത്സാസൗകര്യങ്ങൾ, സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകളെല്ലാം എച്ച്.എം.സി ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. പ്രിന്റിങ്ങ് ചാർജ്ജിനത്തിൽ ചെലവഴിച്ച തുകകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത്ഓഫീസിലെ നിലവിലുള്ള ഒഴിവ് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2018 വർഷം പഞ്ചായത്തിൽ രണ്ട് ഫുൾടൈം സ്വീപ്പർ, ഒരു സ്കാവഞ്ചർ തസ്തിക ഒഴിവുണ്ടായിരുന്നു. ടി തസ്തികയിലെ ഒഴിവുകളിലേയ്ക്ക് താത്ക്കാലിക വേതനാടിസ്ഥാനത്തിൽ ( ഒ. എ / എഫ്.റ്റി.എസ് കാറ്റഗറി നിരക്കിൽ ) ആളുകളെ നിയമിച്ചിരുന്നു. എന്നാൽ തസ്തിക ഒഴിവ് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട്

ചെയ്തിട്ടില്ല. ഒഴിവ് വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത് ടി തസ്തികകളിലെ നിയമനം സുതാര്യമാക്കേണ്ടതാണ്.

## 1-26 വെള്ളക്കരം - സംയുക്ത പരിശോധന നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ പ്രതിമാസം 40,250 രൂപ വീതം ആകെ 4,83,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ, 92 ടാപ്പുകൾക്ക് പ്രതിമാസം 40,250 രൂപ വീതം ഡിമാന്റ് ചെയ്യുന്നതെന്ന് വ്യക്തമാകുന്നു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/25.10.19) മറുപടിയായി കേരള വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർക്ക് സംയുക്ത പരിശോധന ആവശ്യപ്പെട്ട് കത്ത് നല്കിയിരുന്നുവെന്നും സംയുക്തപരിശോധന നടത്താമെന്ന് അറിയിച്ചെങ്കിലും പരിശോധന നാളിതുവരെ നടത്തിയിട്ടില്ല എന്ന് അറിയിച്ചു. പ്രസ്തുത വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കി ടാപ്പുകളുടെ ആവശ്യകത നിർണ്ണയിക്കേണ്ടതും വാട്ടർ ചാർജ്ജ് ക്രമീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധയുണ്ടാകേണ്ടതാണ്. ടിയിനത്തിൽ തുടർന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും പാഴ്ച്ചെലവ് ഉണ്ടാകുന്നത് ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്. അധികചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തീരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-27 ജി.എസ്.ടി, പത്രിക സമർപ്പണം വൈകി- പിഴ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും തുക ഒടുക്കി

വൗച്ചർ നം. 21800235/12.06.18 പ്രകാരം ജി.എസ്.ടി തുക അടയ്ക്കുവാൻ വൈകിയതിനാൽ പലിശയിനത്തിൽ 476/-രൂപയും വൗച്ചർ നം. 21800257/22.06.18 പ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നത് വൈകിയതിനാൽ ഫൈൻ ഇനത്തിൽ 1150/- രൂപയും തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട് . ഫൈൻ അടയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/ 28.10.2019) മറുപടിയായി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പരിജ്ഞാനകുറവും പരിശീലനം ലഭിക്കാത്തത് മൂലവുമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അറിയിക്കുകയുണ്ടായി. ജിഎസ് ടി യിനത്തിലുള്ള തുക അടവും റിട്ടേൺ ഫയലിങ്ങും കാലതാമസം കൂടാതെ നടത്തി ഫൈൻ അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കാർഷികവിപണനകേന്ദ്രം കൃത്യമായ ആസൂത്രണമില്ലാത്ത നിർമ്മാണം- നടത്തിയ വൈദ്യുതീകരണ പ്രവൃത്തികൾ പൊളിച്ചുമാറ്റിയ നിലയിൽ

### 1) പാമ്പാടി കാർഷികവിപണന കേന്ദ്രം വൈദ്യുതീകരണം- ഇലക്ട്രിക് ഫിറ്റിങ്ങുകൾ അഴിച്ചുമാറ്റി

നബാർഡ് ധനസഹായത്തോടെ കോട്ടയം ജില്ലാപഞ്ചായത്ത് 1.80 കോടി നബാർഡ് ഫണ്ടും 20 ലക്ഷം ജില്ലാപഞ്ചായത്ത് വിഹിതവുമുൾപ്പെടെ 2 കോടി രൂപ ചെലവഴിച്ച് നിർമ്മാണം നടത്തി ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയ കാർഷിക വിപണനകേന്ദ്രത്തിന് രണ്ടു നിലകളിലായി

വൈദ്യുതീകരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് രണ്ടു പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു. ഇടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത ശ്രീ.മനോജ്.എം.സി, പവർക്രാഫ്റ്റ് ഇലക്ട്രിക്കൽസ് എന്നയാൾക്ക് ടെൻഡർ അംഗീകരിച്ച് നൽകുകയും ടിയാൾ പ്രവൃത്തി പൂർത്തിയാക്കി തുക കൈപ്പറ്റുകയും ചെയ്തിരുന്നു. നിർവ്വഹണവേളയിൽ വിവിധ സാങ്കേതിക കാരണങ്ങളാൽ ഇൻസൈഡ് ലൈറ്റുകളും ഫാനുകളും ഒഴിവാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രോ. നം 248/19 കാർഷികവിപണനകേന്ദ്രം വൈദ്യുതീകരണം ഒന്നാംഘട്ടം (ഗ്രൗണ്ട് ഫ്ലോർ) | അടങ്കൽ 10,00,000/- | ചെലവ്-861530/- (സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പടെ) |
| 2 | പ്രോ.നം 249/19 കാർഷികവിപണനകേന്ദ്രം വൈദ്യുതീകരണം രണ്ടാംഘട്ടം (ഫസ്റ്റ് ഫ്ലോർ) | അടങ്കൽ 7,50,000/- | ചെലവ് -664519/- (സൂപ്പർവിഷൻ ചാർജ്ജ് ഉൾപ്പടെ) |

ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു നൽകിയ പ്രസ്തുത കെട്ടിടത്തിന്റെ മുകൾഭാഗത്തായി കുടുംബശ്രീ ഉത്പന്നവിപണനകേന്ദ്രം, ഫീഡിംങ് റൂം, വനിതവിശ്രമകേന്ദ്രം എന്നിവ നിർമ്മിക്കുന്നതിനായി 2018-19 വർഷം 16,12,500/- രൂപ അടങ്കലായി നിർമ്മിതികേന്ദ്രം മുഖേന നടപ്പാക്കുന്നതിനായി പ്രോജക്റ്റ് നം, 261/19 തയ്യാറാക്കിയിരുന്നു. മുകൾഭാഗത്തുള്ള കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് സൗകര്യമൊരുക്കുന്നതിനായി നിലവിലുള്ള കെട്ടിടത്തിന്റെ ഏതാനും ഭാഗത്തെ ബീമുകളും സ്ലാബുകളും പൊട്ടിച്ച് നീക്കേണ്ടതായിട്ടുണ്ടെന്നും ആ ഭാഗത്തുകൂടിയുള്ള ഇലക്ട്രിക്കൽ വയറിംങ് മാറ്റി സ്ഥാപിക്കണമെന്നും നിർമ്മിതി കേന്ദ്രം അറിയിച്ചു. കരാറുകാരൻ വൈദ്യുതീകരണം പൂർത്തിയാക്കിയ ഉടനെ തന്നെ സെക്രട്ടറിയുടെ 7-12-18 ലെ A4-10/17/223 നം കത്ത് പ്രകാരം കരാറുകാരനോട് നിർദ്ദിഷ്ട സ്ഥലത്തെ ഇലക്ട്രിക് ഫിറ്റിങ്ങുകൾ അഴിച്ചുമാറ്റാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സമൂഹമാധ്യമങ്ങളിൽ പ്രസ്തുത പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് വാർത്തകൾ പ്രചരിച്ച സാഹചര്യത്തിൽ കരാറുകാരൻ തന്നെ അഴിച്ചുമാറ്റിയ ഫിറ്റിങ്ങുകൾ പുനഃസ്ഥാപിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നേരിട്ട് തൊഴിലാളികളെ ഏർപ്പെടുത്തി വീണ്ടും വയറിംഗ് വർക്കുകൾ അഴിച്ചുമാറ്റുകയും നിർമ്മിതികേന്ദ്രത്തെ അറിയിക്കുകയും ചെയ്തിരുന്നതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. നിലവിൽ ഒന്നാം നിലയിലുള്ള ഇലക്ട്രിക് വർക്കുകൾ അഴിച്ചുമാറ്റിയ നിലയിലാണ്. നാലുനിലകളിലായി നിർമ്മാണപ്രവർത്തനങ്ങൾക്കുദ്ദേശിച്ച് തയ്യാറാക്കിയ ഡിസൈനനുസൃതമായി ജില്ലാപഞ്ചായത്ത് പണിതീർത്ത് ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയ പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംനിലയിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കായി DLTCEയെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് തന്നെ കുടുംബശ്രീ കെട്ടിടനിർമ്മാണത്തിനും അംഗീകാരം ലഭിച്ചിരുന്നു. മുകൾ നിലയിലെ നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമുണ്ടാവാത്ത രീതിയിൽ ഇലക്ട്രിഫിക്കേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ നടപ്പിലാക്കുന്നതിനോ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ല. തൻമൂലം നിർമ്മാണപ്രവൃത്തി നടത്തിയ മാസം തന്നെ ഇലക്ട്രിക് വർക്കുകൾ പൊളിച്ചു നീക്കേണ്ടി വന്നു. 664519/- രൂപ ചെലവഴിച്ച് നടത്തിയ ഇലക്ട്രിഫിക്കേഷൻ ജോലികൾ ദീർഘവീക്ഷണമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുന്നതുമൂലം പാഴ്ച്ചെലവായി മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്. ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും ഒരേ കെട്ടിടത്തിലെ വ്യത്യസ്ത പ്രവൃത്തികൾ ശരിയായ

മുൻഗണനാക്രമം പാലിക്കാതെ വ്യത്യസ്ത പ്രോജക്ട് പ്രകാരവും പ്രത്യേകം എസ്റ്റിമേറ്റുകൾ പ്രകാരവും ഏറ്റെടുത്തു. നിർമ്മാണ പ്രവൃത്തികളിൽ ശരിയായ ഏകോപനം സാധ്യമായില്ല. ഒരു കെട്ടിടത്തിലെ ഇലക്ട്രിക്കൽ/സാനിട്ടറി പ്രവൃത്തികൾക്കുൾപ്പെടെയുള്ള തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് പ്രകാരം തുക വകയിരുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ശരിയായ മുൻഗണനാക്രമം പാലിച്ച് പ്രവൃത്തി ഏറ്റെടുക്കണമെന്ന അടിസ്ഥാന തത്വം പോലും പാലിച്ചിട്ടില്ല. നിർമ്മിതികേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ് വരുത്താത്ത രീതിയിൽ പൊളിച്ചുമാറ്റിയ ഇലക്ട്രിക്ക് വർക്കുകൾ പുന:സ്ഥാപിക്കാത്ത പക്ഷം ഇലക്ട്രിഫിക്കേഷന് വേണ്ടി ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.



**വയറിംഗ് വർക്കുകൾ അഴിച്ചുമാറ്റിയ നിലയിൽ**

**2)കാർഷികവിപണനകേന്ദ്രം കൈമാറി നൽകിയിട്ട് ഒരുവർഷം-വരുമാനദായകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല**

കാർഷികവിപണനകേന്ദ്രം ജില്ലാപഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് നൽകി ഒരുവർഷത്തോളമായിട്ടും പ്രസ്തുത കെട്ടിടം വരുമാനദായകമാവുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. രണ്ടുനിലകളിലായി 28 കടമുറികളുള്ള പ്രസ്തുത കെട്ടിടത്തിന്റെ നമ്പറിംങ്, പിഡബ്ല്യുഡി (കെട്ടിടവിഭാഗം)യെക്കൊണ്ട് വാടക നിശ്ചയിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളൊന്നും സമയബന്ധിതമായി പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വലിയ രീതിയിൽ വാടക വരുമാനത്തിന് സാദ്ധ്യതയുള്ള പ്രസ്തുത കെട്ടിടത്തിൽ നിന്നുള്ള വരുമാനം ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മൂലം നഷ്ടമാവുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സെല്ലാർ ഭാഗത്ത് അനധികൃത പാർക്കിംങ് ആരംഭിച്ചതായി കാണാൻ കഴിഞ്ഞു. കെട്ടിടത്തിന് ലൈറ്റ് ഫിറ്റിങ്ങുകൾ സ്ഥാപിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്തിന് വരുമാനദായകമാക്കി കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**3) ജിഎസ് ടി ഈടാക്കിയ തുക തനത് ഫണ്ടിൽ-ഒടുക്ക് വിവരം ലഭ്യമാക്കിയില്ല**

1) തനത്ഫണ്ട് വകയിരുത്തി നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കുകയും വാല്യുവേഷൻ കണക്കാക്കുകയും സൂപ്പർവിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് ചാർജ്ജ് എന്നിവയടക്കം കണക്കാക്കി ആയതിൽ നിന്നും GST, IT, KCWWF എന്നിവ കുറവ് വരുത്തി എംബുക്കിൽ പേയ്മെന്റ് മെമ്മോ രേഖപ്പെടുത്തിയിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയ വേളയിൽ GSTഒഴികെയുള്ള തുകയാണ് പിൻവലിച്ച് നൽകിയത്. കരാറുകാരന് നൽകിയത് കൃത്യമായ തുകയായിരുന്നുവെങ്കിലും GSTഇനത്തിൽ ഒടുക്കേണ്ട തുക തനത് ഫണ്ടിൽ

അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1 | പ്രോ.നം 248/19 കാർഷികവിപണനകേന്ദ്രം വൈദ്യുതീകരണം ഒന്നാംഘട്ടം | വാല്യുവേഷൻ 840040/- | GST(2%) ഒടുക്കേണ്ടത് =16801 |
| 2 | പ്രോ.നം 249/19 കാർഷികവിപണനകേന്ദ്രം വൈദ്യുതീകരണം രണ്ടാംഘട്ടം | വാല്യുവേഷൻ 648745/ | GST(2%) ഒടുക്കേണ്ടത് =12975 |
| | ആകെ | | 29776 |

GST യിനത്തിൽ തുക ഒടുക്കി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 4)മറുപടിയായി കരാറുകാരൻ നേരിട്ട് GST അടവാക്കിയതിനാൽ തനത് ഫണ്ടിൽ നിലനിന്ന തുകയായ 29776/-രൂപ കൂടി കരാറുകാരന് 29-10-2019 ന് നൽകുകയുണ്ടായി എന്ന് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരൻ പ്രസ്തുത വർക്കിന്റെ GST അടവാക്കി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കരാറുകാരൻ ജിഎസ് ടി വിഹിതം അടവാക്കി എന്നത് തെളിയിക്കുന്ന കൃത്യമായ രേഖകൾ ഹാജരാക്കാതെ ഗ്രാമപഞ്ചായത്ത് കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിരുന്ന GST വിഹിതം കൂടി കരാറുകാരന് തിരികെ നൽകിയത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തി GST വിഹിതം അടവാക്കിയതിന്റെ കൃത്യമായ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 വെള്ളൂർ -പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് പ്ലാൻ, ഡിസൈൻ തയ്യാറാക്കാൻ 4.66 ലക്ഷം- നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോ.നം 200/19 പ്രകാരം വെള്ളൂരിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് പ്ലാൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് RIT, പാമ്പാടി എന്ന സ്ഥാപനത്തിന് 4,66,481/- രൂപ നൽകിയിരുന്നു. ആയത് അനുസരിച്ച് രണ്ടു നിലകളിലായി 992.95$m^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് സ്ട്രക്ച്ചറൽ ഡിസൈൻ, ആർക്കിടെക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി എംഎൽഎ യുടെ ആസ്തി വികസനഫണ്ടിൽ നിന്നും കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടെന്നും ടെൻഡർ നടപടികൾ നടന്നുവരുകയാണ് എന്നും അറിയിച്ചിരുന്നു. തയ്യാറാക്കിയ സ്ട്രക്ച്ചറൽ/ആർക്കിടെക്ച്ചറൽ ഡിസൈനനുസൃതമായി കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ സത്വരനടപടികളും ശ്രമങ്ങളുമുണ്ടാകേണ്ടതാണ്. അല്ലാത്ത പക്ഷം ഡിസൈൻ തയ്യാറാക്കുന്നതിനായി ചെലവഴിച്ച തുക പാഴ് ചെലവായി മാറുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധപതിയേണ്ടതുണ്ട്.

## 1-30 ഭൂജലവകുപ്പിൽ നിന്നും അധികം നിക്ഷേപിച്ച തുക തിരികെ ഈടാക്കിയില്ല

വിവിധ പ്രോജക്റ്റുകൾ പ്രകാരം ഭൂജലവകുപ്പിൽ നിക്ഷേപിച്ചിരുന്ന തുകകളുടെ

വിനിയോഗപൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം അധികം തുക നിക്ഷേപിച്ചതായും ബാലൻസ് തുക തിരികെ ലഭിക്കാനവശേഷിക്കുന്നതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം &പേര് | നിക്ഷേപിച്ച തുക | ചെലവ് തുക | ബാലൻസ് തുക ലഭിക്കാനുള്ളത് |
|---|---|---|---|
| 277/19 കുറിച്ചിമല അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | 45000 247/12.2.19 | 36520 (സിഎഫ്സി) | 8480 |
| 286/19, 8-ാം വാർഡിൽ ഓർവയൽ കുമ്പാടികുന്ന് കുടിവെള്ളപദ്ധതിയ്ക്ക് കുഴൽക്കിണർ | 41570 231/30.1.19 | 33010 | 8560 |
| ആകെ തിരികെ ലഭിക്കാനുള്ള തുക | | | 17040 |

തിരികെ ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ബാലൻസ് തുക തിരികെ ലഭിക്കാൻ സാഹചര്യം ഇല്ലായെന്നും ആയത് 6-ാം വാർഡിലെ കുടിവെള്ളപദ്ധതിയ്ക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഇത് തൃപ്തികരമായ മറുപടിയല്ല. സാമ്പത്തിക വർഷം കഴിഞ്ഞാലും വികസനഫണ്ട് വിഹിതം അധികം നൽകിയത് തിരികെ ഈടാക്കുന്നതിൽ യാതൊരു സാങ്കേതിക തടസ്സവുമില്ല. കൂടാതെ ടി തുക മറ്റൊരുപദ്ധതിയ്ക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച് ഭൂജലവകുപ്പ് അനുമതി നൽകിയതായോ ആയതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടികളുണ്ടായതായോ രേഖകളില്ല. ഈ സാഹചര്യത്തിൽ ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ട് മറ്റൊരു പ്രൊജക്റ്റിന് വിനിയോഗിക്കാത്തപക്ഷം അധികം നൽകിയ 17040/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

**കുഴൽക്കിണർ നിർമ്മാണം -ഉപയോഗപ്രദമായില്ല**

8-ാം വാർഡിൽ ഓർവയൽ കുമ്പാടികുന്ന് കുടിവെള്ളപദ്ധതിയ്ക്ക് കുഴൽക്കിണർ പദ്ധതിയ്ക്കായി ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കുകയും കുഴൽക്കിണർ നിർമ്മിക്കുകയും ചെയ്തിരുന്നു. 29-10-2019ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ റോഡിനോട് വളരെ ചേർന്ന് കുഴൽക്കിണർ നിർമ്മിച്ച് പിവിസി പൈപ്പിന്റെ അഗ്രഭാഗം ചാക്ക് കൊണ്ട് മൂടിയിരിക്കുന്നതായി കാണാൻ സാധിച്ചു. കുറിച്ചിമല അംഗൻവാടി കുഴൽക്കിണർ നിർമ്മിച്ചതിലും ഇതേ സാഹചര്യമാണ്. കുടിവെള്ള പദ്ധതിയ്ക്കായി കുഴൽക്കിണർ നിർമ്മിച്ചതിന്റെ തുടർ നടപടികളായ മോട്ടോർ സ്ഥാപിക്കൽ, വാട്ടർടാങ്ക് സ്ഥാപിക്കൽ തുടങ്ങിയ അനുബന്ധപ്രവൃത്തികൾക്കൊന്നും പ്രോജക്റ്റ് തയ്യാറാക്കിയിരുന്നില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. പ്രോജക്റ്റ് പ്രകാരമുള്ള ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ രണ്ട് സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുന്നതിന് വേണ്ടി ചെലവഴിച്ച തുകയായ 86570/- രൂപ (തിരികെ ലഭിക്കാനുള്ളത് ഉൾപ്പെടെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**6-ാം വാർഡിൽ കുഴൽകിണർ നിർമ്മാണം – കരാർ വ്യവസ്ഥകളുടെ ലംഘനം**

പ്രോ.നം 40/19 ആയി 6-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം എന്ന പ്രോജക്റ്റ് പ്രകാരം

കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് കുഴൽക്കിണർ നിർമ്മിച്ച് പമ്പിങ്ങ് സിസ്റ്റം സ്ഥാപിക്കുന്നതിനായി ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 150000/- രൂപ നിക്ഷേപിക്കുകയും 11-1-19 ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 54210/- രൂപ വിനിയോഗിച്ച് കുഴൽക്കിണർ നിർമ്മാണം മാത്രം പൂർത്തിയാക്കുകയുണ്ടായി. പമ്പിങ്ങ് സിസ്റ്റം നടപ്പിലാക്കാൻ അധികമായി 44210/- രൂപ കൂടി ആവശ്യപ്പെട്ടുകൊണ്ട് 3-7-19 ൽ കത്ത് നൽകിയിരുന്നു. ഇത് കരാർ നിബന്ധനകളുടെ ലംഘനമാണ്. ഭൂജലവകുപ്പുമായി 11-1-2019 ന് വച്ച കരാർ നിബന്ധന ക്രമനം 5 പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള ജോലികൾ നിശ്ചിത തുകയ്ക്ക് ചെയ്ത് തീർക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത പ്രവർത്തിയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 2) മറുപടിയായി ഗ്രൗണ്ടിന് സമീപം ആദ്യം കുഴൽക്കിണർ കുത്തിയിരുന്നുവെങ്കിലും ജലലഭ്യത കുറവായിരുന്നതിനാൽ വീണ്ടും ഒരു കുഴൽക്കിണർ കൂടി കുഴിക്കുകയുണ്ടായിയെന്നും ഈ സാഹചര്യത്തിലാണ് അധികമായി 44210/- രൂപ ആവശ്യപ്പെട്ടത് എന്നും അറിയിച്ചിരുന്നു. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഭൂജലവകുപ്പിന്റെ രണ്ടാമത്തെ എസ്റ്റിമേറ്റ് പ്രകാരം കുഴൽക്കിണർ നിർമ്മിച്ചതിന് 54210/-രൂപ ചെലവഴിച്ചിരുന്നുവെന്നും പമ്പിങ്ങ് സിസ്റ്റം നടപ്പിലാക്കാൻ അധികമായി വേണ്ടതുക 44210/- രൂപയാണെന്നുമാണ് രേഖപ്പെടുത്തിയിരുന്നത്. രണ്ടുകുഴൽക്കിണറുകൾ നിർമ്മിച്ച കാര്യം ഭൂജലവകുപ്പിന്റെ കത്തിലും സൂചിപ്പിച്ചിട്ടില്ല. ഭൂജലവകുപ്പിന്റെ കരാർ പ്രകാരമുള്ള തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ആശ്രയ വിഹിതം നൽകി-അഗതിരഹിതകേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടും പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചില്ല

പ്രോ.നം 5/19 പ്രകാരം ആശ്രയ പദ്ധതിയുടെ ചെലവിലേയ്ക്കായി വികസനഫണ്ടിൽ നിന്നും 5ലക്ഷം രൂപ കുടുംബശ്രീ സിഡിഎസ് അക്കൗണ്ടിലേക്ക് ബിൽ നം. 30/18-1-19 പ്രകാരം മാറി നൽകിയിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയ്ക്കായി കാനറാ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിലാണ് (അക്കൗണ്ട് നം 3585101006343) തുക നിക്ഷേപിച്ചത്. ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. വികസനഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടി തുക ഗുണഭോക്താക്കൾക്ക് വേണ്ടി 31-03-2020 ന് മുൻപായി ചെലവഴിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വികസനഫണ്ട് തുകയുടെ ക്രമപ്രകാരമുള്ള വിനിയോഗം നിരീക്ഷിക്കേണ്ടതാണ്.

ആശ്രയ പദ്ധതിയ്ക്ക് മുമ്പ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് സഉ(എംഎസ്)നം 182/2018 /തസ്വഭവ തീയതി 5-12-18 പ്രകാരം ഉത്തരവായിരുന്നു. ആശ്രയ ഒന്നും രണ്ടും ഘട്ടങ്ങളിലായി പ്ലാൻഫണ്ട് 423701/- രൂപ അവശേഷിച്ചിരുന്നു. ടി തുക അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. ടി തുക ആശ്രയ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് ചെലവഴിക്കുന്നതാണ് എന്ന് അസി.സെക്രട്ടറി അറിയിച്ചു. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇത് ക്രമപ്രകാരമല്ല. ആദ്യരണ്ടുഘട്ടങ്ങളുടെ പദ്ധതി കാലാവധി അവസാനിച്ച് അതിലെ

ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി പുതിയ പദ്ധതി ആരംഭിച്ചതിന് ശേഷവും ടി പദ്ധതിയ്ക്കായി തുക ചെലവഴിക്കാൻ സാധിക്കുകയില്ല. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുകകൾ അഗതി രഹിതകേരളം അക്കൗണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പാമ്പാടി ഗ്രാമപഞ്ചായത്തിന് അഗതി രഹിതകേരളം പദ്ധതിയ്ക്കായി ചലഞ്ച് ഫണ്ടായി അനുവദിച്ച 40ലക്ഷം രൂപയിൽ മുൻ ആശ്രയപദ്ധതികൾക്ക് അനുവദിച്ചതിൽ ബാക്കിയുള്ള ചലഞ്ച് ഫണ്ട് കിഴിച്ച് ആദ്യഗഡുവായി 548081/- രൂപ അനുവദിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10-3-19 ലെ KS/L/423/2019 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുക നാളിതുവരെ ലഭ്യമായിരുന്നില്ല. ആശ്രയ ഒന്നും രണ്ടും ഘട്ടത്തിലെ ചലഞ്ച്ഫണ്ട് ബാലൻസ് തുക വിനിയോഗിച്ച് പുതിയ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും ചലഞ്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി തുകയിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പരിചരണ സേവനങ്ങൾക്കായി തുക വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-32 കുടിവെള്ളപദ്ധതികൾ -പൂർത്തീകരണഘട്ടത്തിലേക്കെത്തുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല

13-ാം വാർഷികപദ്ധതി മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി പൂർത്തീകരിക്കുവാൻ ഏതൊക്കെ ഇനം പ്രവൃത്തികൾ ആവശ്യമുണ്ടോ അതെല്ലാം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഉൾപ്പെടുത്താമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കുടിവെള്ള ക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം നിരവധി കുടിവെള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇനങ്ങൾ പ്രോജക്ടിലുൾപ്പെടുത്തിയിരുന്നില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കിണർ നിർമ്മാണം, ടാങ്ക് നിർമ്മാണം പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈനുകൾ, മോട്ടോർ സ്ഥാപിക്കൽ എന്നിവയിൽ ചില ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നത്. സഉ(കൈ)നം 11/2018/തസ്വഭവ തീയതി 29-01-2018 7.1(ബി) പ്രകാരം എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിലുൾപ്പെടുത്തണമെന്നതും ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ കുടിവെള്ളപദ്ധതികളുടെ കാര്യത്തിൽ പാലിച്ചിരുന്നില്ല. ഗ്രാമപഞ്ചായത്ത് തൻവർഷം ഭാഗികമായി മാത്രം നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം &പേര് | ചെലവഴിച്ച തുക | തൻവർഷം നടപ്പാക്കിയ ഭാഗിക പ്രവൃത്തികൾ | നടപ്പാക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾ |
|---|---|---|---|
| 221/19 കരിങ്ങണാംപൊയ്ക കുടിവെള്ളപദ്ധതി | 600722/- തനത്ഫണ്ട് ചെക്ക്നം. 2152730/11.3.19 | നിലവിലുള്ള കിണർ പുനരുദ്ധാരണം, വാട്ടർ ടാങ്ക്, പ്ലാറ്റ്ഫോം നിർമ്മാണം | പമ്പ്,പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ, വിതരണ ലൈനുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കൽ |
| 225/19&318/19 പള്ളിക്കുന്ന് കുടിവെള്ളപദ്ധതി | 4,95,936/- ചെക്ക് നം. 2152739/28.3.19 46,726/- ബിൽ നം. 102/20.3.19 | കിണർ നിർമ്മാണം | വാട്ടർ ടാങ്ക്, പ്ലാറ്റ് ഫോം, പമ്പ്, പമ്പ്ഹൗസ്, പമ്പിംങ് മെയിൻ, വിതരണ ലൈനുകൾ സ്ഥാപിക്കൽ |
| 227/19 പേഴമറ്റം കുന്നേൽപ്പറമ്പ് കുടിവെള്ളപദ്ധതി | 2,96,574/- ചെക്ക് നം. 0961402/18.8.19 | കിണർ ഉണ്ട്. വാട്ടർ ടാങ്കിന് പ്ലാറ്റ് ഫോം നിർമ്മാണം | പമ്പ്, പമ്പ്ഹൗസ്, പമ്പിംങ് മെയിൻ, വിതരണ ലൈനുകൾ സ്ഥാപിക്കൽ |
| 223/19, 310/19 താന്നിമറ്റം കുടിവെള്ളപദ്ധതി | 4,00,000/- ചെക്ക് നം. 2152743/30.3.19 24912/- ചെക്ക് നം. 2152739/28.3.19 | വാട്ടർ ടാങ്ക്, പ്ലാറ്റ് ഫോം, മോട്ടോർ &പമ്പ്, പമ്പിംങ് മെയിൻ | വിതരണ ലൈനുകൾ സ്ഥാപിക്കൽ |
| 228/19കുന്നേൽപീടിക കുടിവെള്ളപദ്ധതി | 4,93,855/- ചെക്ക് നം. 0961409/29.10.18 | കിണർ നിർമ്മാണം | വാട്ടർ ടാങ്ക്, പമ്പ്, പമ്പ്ഹൗസ്, പമ്പിംങ് മെയിൻ, വിതരണ ലൈനുകൾ സ്ഥാപിക്കൽ |
| 160/19 മെയ്യാരപ്പള്ളി കുടിവെള്ളപദ്ധതി | 458351/- ബിൽ നം. 96/20.3.19 | കിണർ നിർമ്മാണം, വിതരണലൈനുകൾ | പമ്പ്, പമ്പിംങ് മെയ്ൻ |

| | | | |
|---|---|---|---|
| 259/19മെയ്യാരപ്പള്ളിക്കുന്ന് കുടിവെള്ളപദ്ധതി | 96161/-<br>ചെക്ക് നം. 2152733/26.3.19 | വിതരണലൈനുകൾ (ബാക്കി പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു | ബ്ലോക്ക് പഞ്ചായത്ത് നിലവിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല |
| 222/19പറക്കാവ് കുടിവെള്ളപദ്ധതി | 7,24,082/-<br>ചെക്ക് നം. 1018129/3.5.18 | വാട്ടർ ടാങ്ക്, പമ്പിംങ് &വിതരണലൈനുകൾ | പമ്പ് സ്ഥാപിക്കാനുണ്ട് |
| **ആകെ** | **3637319** | | |

മേൽപ്പറഞ്ഞ കുടിവെള്ളപദ്ധതികളുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കാത്ത പക്ഷം ആയവ നിഷ്ക്രിയമായി മാറുന്നതാണ്. തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി നടപടികൾ ഉണ്ടാവേണ്ടതുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികൾ ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച ആകെ തുകയായ 3637319/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം-സർക്കാർ നിർദ്ദേശം പാലിച്ചില്ല

പാമ്പാടി ഗ്രാമപഞ്ചായത്തിലുള്ള എക്സൈസ് ഓഫീസ് പ്രവർത്തിച്ച് വരുന്ന വാടകകെട്ടിടത്തിന്റെ 2007നവംബർ മുതൽ 2018 ഡിസംബർ വരെയുള്ള വാടകകുടിശികയായ 5,55,922/-രൂപ ഒടുക്കുന്നതിന് 320/19 നമ്പരായി പ്രോജക്റ്റ് തയ്യാറാക്കുകയും തനത് ഫണ്ട് വിനിയോഗിച്ച് വാടക കുടിശിക നൽകുകയും ചെയ്തിരുന്നു. ടി വാടക കുടിശികയിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയിരുന്നുമില്ല.

പാമ്പാടി പ്രൈവറ്റ് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി സഉ(എംഎസ്) നം 358/92/RD തീയതി 29-8-1992 ന്റെ അടിസ്ഥാനത്തിൽ പാമ്പാടി എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്തിരുന്ന 15.62 ആർ സ്ഥലവും കെട്ടിടവും വിട്ടുനൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തിനുള്ളിൽ പുതുക്കിയ കെട്ടിടം എക്സൈസ് വകുപ്പിന് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച് നൽകണമെന്നും എക്സൈസ് വകുപ്പ് ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ച് നൽകുന്ന വാടക നൽകുവാൻ ബാദ്ധ്യസ്ഥരാണെന്നും വ്യക്തമാക്കിയിരുന്നു. അതുവരെ പഞ്ചായത്ത് ചെലവിൽ വാടകയ്ക്ക് കെട്ടിടം നൽകുവാനും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. 27 വർഷത്തിന് ശേഷവും നാളിതുവരെ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല. 12-8-13ലെ കമ്മറ്റി തീരുമാനപ്രകാരം സർവേ നം 52/16 ൽപ്പെട്ട 5സെന്റ് സ്ഥലം റേഞ്ച് ഓഫീസ്

നിർമ്മാണത്തിന് നൽകുന്നതിനായി തീരുമാനമെടുത്തതായി കാണുന്നു. നിലവിൽ റേഞ്ച് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും പ്രവർത്തനത്തിന് സുരക്ഷിതമല്ലെന്നും പിഡബ്ല്യൂഡി കെട്ടിടവിഭാഗം അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 30ലധികം ജീവനക്കാർ ഉപയോഗിച്ച് വരുന്ന പ്രസ്തുത കെട്ടിടം 46 വർഷത്തിലധികം പഴക്കമുള്ളതും മെയിന്റനൻസ് വർക്കുകളൊന്നും നടത്തിയിട്ടില്ലാത്തതുമാണ്. യൂണിഫോമിലുള്ള വനിതാജീവനക്കാർക്ക് പ്രത്യേക വിശ്രമമുറിയോ ഡ്രസിങ്ങ് റൂമോ ശുചിമുറിയോ ഇല്ലാത്തത് സംബന്ധിച്ച വിഷയം മനുഷ്യാവകാശകമ്മീഷന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം6) മറുപടിയായി 2018-19വർഷം എക്സൈസ് ഓഫീസിന് സ്ഥലം വാങ്ങുന്നതിന് 10ലക്ഷം രൂപ അടങ്കലായി പ്രോജക്റ്റ് (നം192/19)തയ്യാറാക്കിയിരുന്നെങ്കിലും താത്പര്യപത്രം ക്ഷണിച്ചതിന് പ്രതികരണം ലഭിച്ചിരുന്നില്ലായെന്ന് അറിയിച്ചു. ഒരു വർഷത്തിനുള്ളിൽ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ആവശ്യമായ സൗകര്യം നൽകണമെന്ന 1992ലെ സർക്കാർ ഉത്തരവിന് 27 വർഷത്തിന് ശേഷവും നടപടിയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രസ്തുത വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്

## 1-34 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തിയ്ക്ക് ഓവർഹെഡ് ചാർജ് നൽകൽ- നികുതി വിഹിതം ഒടുക്കാത്ത തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്നും 1-7-17 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ അതിന് ശേഷം അളവുകളെടുക്കുന്ന ബില്ലിൽ നിന്നും ടി 5%തുക കുറവ് ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് (ഡിബി3-9058/17/CE/LSGD/dt 16-3-18). താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിരിക്കുന്നത് ഓവർഹെഡ് ആയി 7.5% തുക കൂടി ഉൾപ്പെടുത്തിയാണ്. ബിൽ തുകയിൽ നിന്ന് ആദായനികുതിയിനത്തിൽ 2% തുകയും ക്ഷേമനിധിയിനത്തിൽ 1%തുകയുമാണ് കുറവ് ചെയ്തിരുന്നത്. ആയതിനാൽ ആകെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത 3% ഒഴികെയുള്ള തുക അധികമായി കൺവീനർക്ക് നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | വേലമൂല്യം/നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 55/19പന്നമാക്കൽ പുറകളം | 39504 (MG-റോഡ്) | 39504x1.03/1.075 | 1654 |

| | | | |
|---|---|---|---|
| പാടശേഖരം നടപ്പാത പുനരുദ്ധാരണം കൺവീനർ-മേരി കുര്യാക്കോസ് | (ബിൽനം 93/20-3-19) | =37850 | |
| 57/19 തെക്കേപ്പറമ്പിൽ പടി മനത്താനത്ത് നടപ്പാത പുനരുദ്ധാരണം കൺവീനർ-ഷൈജു.എ.എസ് | 44913(MG-റോഡ്) (ബിൽനം 95/20-3-19) | 44913x1.03/1.075 =43033 | 1880 |
| 58/19തെക്കേപ്പറമ്പിൽപ്പടി തേമ്പള്ളിപ്പടി നടപ്പാത പുനരുദ്ധാരണം കൺവീനർ-കനകമ്മ ബാലചന്ദ്രൻ | 38299(MG-റോഡ്) (ബിൽനം 94/20-3-19) | 38299x1.03/1.075 =36696 | 1603 |
| ആകെ അധികം നൽകിയ തുക | | | 5137 |

കൺവീനർമാർക്ക് ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം തുക നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് (നം30) മറുപടിയായി അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കിക്കൊള്ളാം എന്ന് അറിയിച്ചു. അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-35 ഏഴാം വാർഡിൽ സാംസ്കാരികനിലയം നിർമ്മാണം -പരിപാലനത്തിന്റെ അഭാവത്താൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഏഴാം വാർഡിൽ സാംസ്കാരികനിലയം നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ (തനത് ഫണ്ട്) | 1000000/- |
| ചെലവ് | 968994/- |

ഏഴാം വാർഡിലെ സാംസ്കാരികനിലയം നിർമ്മാണത്തിനായി 2018-19 വർഷം 968994/- രൂപ ചെലവഴിച്ചിട്ടുണ്ട്. 30/10/2019 നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പരിപാലനം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ടു. കെട്ടിടം വൃത്തിഹീനമായ നിലയിലും ശുചിമുറി വേസ്റ്റ്പേപ്പർ കൂട്ടിയിട്ട നിലയിലും കാണപ്പെട്ടു. നിലയത്തിന്റെ പരിപാലനത്തിനും നടത്തിപ്പിനും ഗ്രാമപഞ്ചായത്ത് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതിനാൽ കെട്ടിടം പ്രവർത്തനക്ഷമമായിട്ടില്ല.

കെട്ടിടനിർമ്മാണം പൂർത്തിയായിട്ട് ഏതാനും മാസങ്ങൾ മാത്രമെ കഴിഞ്ഞിട്ടുള്ളൂ. ചുരുങ്ങിയ നാളുകൾ കൊണ്ട് തന്നെ കെട്ടിടത്തിന്റെ പരിപാലനത്തിൽ അനാസ്ഥ ഉണ്ടായിരിക്കുന്നു. പ്ലമ്പിംങ് വർക്കുകൾ ചെയ്തിരുന്നുവെങ്കിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതും ആവശ്യാധിഷ്ഠിതമായല്ലാതെ കെട്ടിടം നിർമ്മിച്ച് പരിപാലനത്തിൽ അനാസ്ഥ പുലർത്തുന്ന സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതുമാണ്.

## 1-36 പതിനഞ്ചാം വാർഡിലെ സാംസ്കാരികനിലയനിർമ്മാണം- ഭാഗികകെട്ടിടനിർമ്മാണത്തിന് പ്രോജക്ട് തയ്യാറാക്കി

| | |
|---|---|
| പ്രോജക്ട് | സാംസ്കാരികനിലയം നിർമ്മാണം വാർഡ് 15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ (തനത് ഫണ്ട്) | 1000000/- |
| ചെലവ് | 889423/- |

പതിനഞ്ചാം വാർഡിലെ സാംസ്കാരികനിലയം നിർമ്മിക്കുന്നതിനായി 2017-18വർഷം എസ്റ്റിമേറ്റ് തയ്യാറാക്കി 2018-19 വർഷം 968994/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ടി നിർദേശങ്ങൾക്ക് വിരുദ്ധമായി സാംസ്കാരികനിലയത്തിന്റെ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ ഭിത്തി നിർമ്മിക്കുന്നതിനോ നിലം ഫിൽ ചെയ്യുന്നതിനോ പൂർത്തീകരണത്തിനാവശ്യമായ മറ്റിനങ്ങൾ പോലും ഉൾപ്പെടുത്തിയിരുന്നില്ല. കെട്ടിടത്തിന്റ സ്ട്രക്ച്ചർ പൂർത്തീകരണം പോലുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് ശരിയായ നടപടിയല്ല. നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയാഗം ഫലപ്രാപ്തിയിലെത്തുകയോ ആസ്തിയുടെ പ്രയോജനം ലഭിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥൻ അപാകത ചൂണ്ടിക്കാട്ടുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. 2019-20 വർഷത്തെ പദ്ധതിയിൽ ടി കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായുള്ള പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഭാഗികമായി നിർമ്മിച്ച ടി കെട്ടിടം പ്രയോജനരഹിതമായി പോകാനുള്ള സാധ്യത നിലനിൽക്കുന്നു. നിർമ്മാണ പ്രവൃത്തികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിയ്ക്കേണ്ടതും തുടർവർഷങ്ങളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കെട്ടിടനിർമ്മാണം ഫലപ്രാപ്തിയിലെത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 889423/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 വായ്പാ ബന്ധിത ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 100 ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനായി 2ലക്ഷം രൂപ വീതം നൽകുന്നതിനായി 2കോടി രൂപ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയിനത്തിൽ ലഭ്യമാക്കുന്നതിന് 2016-17 വർഷം പ്രോജക്റ്റ് ആസൂത്രണം ചെയ്തിരുന്നു. കോട്ടയം ജില്ലാസഹകരണബാങ്കിൽ നിന്നും വായ്പയിനത്തിൽ 19860000/- രൂപ 2018-19 വർഷം വരെ പിൻവലിച്ച് ചെലവഴിച്ചിരുന്നു. കരാർ വച്ച 100 ഗുണഭോക്താക്കളിൽ 95 പേരും ഭവനനിർമ്മാണം പൂർത്തിയാക്കിയിരുന്നു. 5പേർ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രോജക്റ്റിന്റെ കാലാവധി 31-5-18 ൽ അവസാനിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം5) മറുപടിയായി 3 പേർകൂടി ഗൃഹനിർമ്മാണം പൂർത്തിയാക്കിയതായും അവസാന ഗഡു നൽകുന്നതിന് ലോൺതുകയ്ക്ക് റിക്വിസിഷൻ നൽകിയിട്ടുണ്ടെന്ന് ഭവനനിർമ്മാണ പ്രോജക്റ്റിന്റെ നിർവ്വഹണോദ്യോഗസ്ഥനായ വിഇഒ അറിയിച്ചിരുന്നു. രണ്ടുപേർ ഭിത്തിലെവൽ വരെ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. മേൽക്കൂരയും മറ്റ് അനുബന്ധ ജോലികളും പൂർത്തീകരിക്കാനുണ്ട്. നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നൽകിയ ധനസഹായം | നല്കാനവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | സി.കെ.രാജു, ചീനികട്ടപ്പിൽ | 140000 | 60000 |
| 2 | മാത്യു എം.എം, മാവേലിമറ്റം | 180000 | 20000 |

പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 തേനീച്ച കോളനി വിതരണം പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ നിലനിൽക്കുന്നു

പ്രോജക്ട് - 37/19 - തേനീച്ച കോളനി വിതരണം
നിർവഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
അടങ്കൽ - 40000 (വികസന ഫണ്ട് - പൊതുവിഭാഗം) + 110000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 92960 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 40000 (വികസന ഫണ്ട് - പൊതുവിഭാഗം) + 20000 (ഗുണഭോക്തൃ വിഹിതം)

(ബിൽ നം. 9/30.11.2018)
മേൽ പ്രോജക്ടിലെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 2 തേനീച്ചക്കൂടുകൾ നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 2ൽ കൂടുതൽ തേനീച്ചക്കൂടുകൾ നൽകിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തേനീച്ചക്കൂടുകളുടെ എണ്ണം |
|---|---|---|
| 1 | ബിജു വർഗീസ് കളപ്പുരക്കൽ | 3 |
| 2 | എം പി കുര്യാക്കോസ് മാലത്ത് | 4 |
| 3 | കൊച്ചുമോൾ തോമസ് മലയമറ്റത്തിൽ | 4 |
| 4 | മാത്യു ഫിലിപ്പ് ഈരോത്ത് | 3 |
| 5 | എബിൻ കെ രാജ് കുർക്കവകയിൽ | 4 |

ബി) താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. മാത്യു ഫിലിപ്പ്, ഈരോത്ത്

2. ജേക്കബ് തോമസ്, കിളിരൂപറമ്പിൽ

സി) താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിനൊപ്പം ലഭ്യമല്ല

1. തോമസ് എം സി, മണലുമാക്കൽ

2. യു വൈ യോഹന്നാൻ, തെയ്യേടി

3. ജേക്കബ് തോമസ്, കിളിരൂപറമ്പിൽ

4. ശ്രീകുമാർ കെ, കൃഷ്ണവിലാസം

5. കെ ആർ ജയകൃഷ്ണൻ, ഗോകുലം

6. കെ ആർ ഗോപകുമാർ, ഗോകുലം

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/28.10.19) മറുപടി ലഭ്യമായിട്ടില്ല. ഒരു തേനീച്ചക്കൂടിന് 1000 രൂപ ചെലവായിട്ടുള്ളതും ഒരു ഗുണഭോക്താവിൽ നിന്നും ഒരു തേനീച്ചക്കൂടിന് 400 രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുള്ളതുമാണ്. വികസന ഫണ്ടിൽ നിന്നും 600 രൂപ ഒരു തേനീച്ചക്കൂടിനായി വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഒരു ഗുണഭോക്താവിന് 2 ൽ കൂടുതൽ തേനീച്ചക്കൂടുകൾ നൽകിയതു മൂലം മറ്റ് ഗുണഭോക്താക്കളുടെ അവസരം നഷ്ടമാകുകയാണ് ചെയ്തിട്ടുള്ളത്. ഒരു തേനീച്ചക്കൂടിന് 600 രൂപ നിരക്കിൽ കൂടുതലായി നൽകിയ 8 തേനീച്ചക്കൂടുകളുടെ ചെലവായ 4800/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയതിന് ഗ്രാമസഭയിൽ സാധൂകരണം ലഭ്യമാക്കുന്നതുവരെ മാത്യു ഫിലിപ്പ്, ഈരോത്ത്, ജേക്കബ് തോമസ്,

കിളിത്രുപറമ്പിൽ എന്നീ രണ്ടുപേർക്ക് നൽകിയ 4 കുട്ടകളുടെ വിലയായ 2400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി ആസൂത്രണം ചെയ്യാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 110000 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. പ്രോജക്ടിൽ ഉൾപ്പെടേണ്ട യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തിയും അതിനനുസരിച്ച് തുക വകയിരുത്തിയും പദ്ധതി ആവിഷ്കരിക്കുന്നത് പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് സഹായിക്കുന്നതാണ്.

## 1-39 കേടായ തെങ്ങ് മുറിച്ച് മാറ്റൽ പ്രോജക്ട്- സർക്കാർ ഉത്തരവ് പൂർണ്ണമായി നടപ്പിലാക്കിയില്ല

അടങ്കൽ - 200000 (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 200000 (വികസന ഫണ്ട് - പൊതുവിഭാഗം)
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

സർക്കാർ ഉത്തരവ് (കൈ) 11/2018/തസ്വഭവ തീയതി 29.01.2018 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തീയതി 14.02.2018 പഞ്ചായത്തിരാജ്/നഗരപാലികാ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരം കേരവികസനം ലക്ഷ്യമിട്ട് മേൽ പദ്ധതി 'കേടായ തെങ്ങ് മുറിച്ച് മാറ്റി പകരം പുതിയ തൈ വച്ചുപിടിപ്പിക്കൽ' എന്ന രീതിയിലാണ് നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ 2018-19 സാമ്പത്തിക വർഷം 'കേടായ തെങ്ങ് മുറിച്ച് മാറ്റൽ' എന്ന് മാത്രം പദ്ധതി നടപ്പിലാക്കിയാണ് ധനസഹായം നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പൂർണ്ണ പദ്ധതി ആവിഷ്കരിക്കാത്തതിനും നടപ്പിലാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/28.10.19) കേടായ തെങ്ങ് മുറിച്ച് മാറ്റി പകരം പുതിയ തൈ വച്ചുപിടിപ്പിക്കൽ' എന്നാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെന്നും 2018 ആഗസ്റ്റ് മാസത്തെ പ്രളയം മൂലം കൃഷിവകുപ്പ് ഫാമുകളിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമല്ലാതിരുന്നതിനാൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ഗുണമേന്മ ഉറപ്പുവരുത്തി തെങ്ങിൻ തൈകൾ വാങ്ങുന്നതിന് സാധിക്കാതെ വന്നതിനാലാണ് കേടായ തെങ്ങ് മുറിച്ച് മാറ്റൽ എന്ന് മാത്രം പദ്ധതി നടപ്പാക്കിയത് എന്നും തുടർന്ന് വന്ന സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ തെങ്ങിൻ തൈകൾ വാങ്ങുന്നതിന് മേൽ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ഒരു പ്രോജക്ടിൻെറ പകുതി മാത്രം ഒരു വർഷത്തെ പ്രോജക്ടായി നടപ്പാക്കിയത് ആശാസ്യമല്ല. കൃഷിവകുപ്പ് ഫാമുകളിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമല്ലായിരുന്നു എന്ന് സാധൂകരിക്കുന്നതിന് നൽകിയ കൃഷി വകുപ്പ് ഡയറക്ടറുടെ TB(1)16741/2018 നമ്പർ സർക്കുലറിൽ 2018-19 വർഷത്തെ പദ്ധതി നടത്തിപ്പിന് ആവശ്യമുള്ള തെങ്ങിൻതൈകൾക്ക് ക്ഷാമം നേരിടുന്നതിനാൽ സംസ്ഥാനത്തിന് അകത്തുനിന്നോ പുറത്ത് നിന്നോ ഗുണമേന്മ ഉറപ്പ് വരുത്തി തെങ്ങിൻതൈകൾ വാങ്ങുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കാർഷിക മേഖലയിൽ പദ്ധതി വിഹിതം

അനുവദിക്കുന്നത് കൃഷി വികസനത്തിനാണ്. എന്നാൽ 'കേടായ തെങ്ങ് മുറിച്ച് മാറ്റൽ' എന്നതിന് മാത്രം പ്രോജക്ട് നടപ്പാക്കി ധനസഹായം നൽകിയത് കേരവികസനം എന്ന ആശയത്തെ സാധൂകരിക്കുന്നതല്ല. പദ്ധതി തുക ചെലവഴിക്കുക മാത്രമാണ് മേൽ പദ്ധതി പൂർത്തീകരണത്തിലൂടെ സാധിച്ചത്. തുടർനടപടികൾ എന്ന നിലയിൽ കൃഷിവകുപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ തെങ്ങിൻ തൈകൾ മേൽ ഗുണഭോക്താക്കൾക്ക് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ബാലസഭ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ, ചെലവഴിക്കൽ ക്രമപ്രകാരമല്ല

| | |
|---|---|
| പദ്ധതി നം. | S00182/2018-19 |
| പദ്ധതി | ബാലസഭ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | 50,000/- |
| ചെലവ് തുക | 50,000/- |
| ബിൽ നം. | 01/2018-19/26.11.2018 (16,500/-)<br>17/2018-19/23.02.2019<br>(33,500/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

കുടുംബശ്രീ ഡയറക്ടറുടെ 26.12.2018 തീയതിയിലെ 1125/കെ/2015/കെ.എസ്.എച്ച്.ഒ - II കത്തിലെ നിർദ്ദേശപ്രകാരം, കുട്ടികളുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള അയൽക്കൂട്ടമാണ് ബാലസഭ. തലമുറകളിൽ നിന്നും തലമുറകളിലേക്കുള്ള ദാരിദ്ര്യം തടയുകയും വിനോദങ്ങളിലൂടെയുള്ള വിജ്ഞാനസമ്പാദനം, സംഘബോധം, നേതൃത്വശേഷി, സഹകരണ മനോഭാവം, ജനാധിപത്യബോധം, സർഗ്ഗശേഷി, വ്യക്തിവികാസം, പരിസ്ഥിതി ബോധം, തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുവാൻ ബാലസഭകൾ ലക്ഷ്യമിടുന്നു. വിവിധങ്ങളായ ശിശു കേന്ദ്രീകൃത പദ്ധതികളിലൂടെ, അവരുടെ കഴിവുകൾ/ ശേഷികൾ വിപുലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയെന്നതാണ് കുടുംബശ്രീ ബാലസഭ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ബാലസഭ പ്രവർത്തനങ്ങൾ ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ അടിസ്ഥാന ഘടകങ്ങൾ വരെയും എത്തിക്കുന്നതിനും സാധാരണക്കാരായ കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിനുവേണ്ട പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും പ്രസ്തുത കത്തിൽ നിർദ്ദേശിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്, ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിലെ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ബാലസഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഭരണസമിതി 50,000/- രൂപയുടെ അടങ്കൽ പദ്ധതിക്ക് അംഗീകാരം നൽകുകയും, 50,000/- രൂപ ചെലവഴിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കുടുംബശ്രീ ഡയറക്ടറുടെ 28.03.2018 തീയതിയിലെ 3266/കെ/2018/കെ.എസ്.എച്ച്.ഒ നം. പരിപത്രം

പ്രകാരമുള്ള 2018-19 ബാലസഭ വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം, ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ബാലസഭയുടെ വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ചും, ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ നിലനിൽക്കെ, 50,000/- രൂപയുടെ അടങ്കൽ പദ്ധതിക്ക് അംഗീകാരം നൽകുകയും, 50,000/- രൂപ ചെലവഴിക്കാനുണ്ടായതുമായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/29.10.2019), മറുപടി ലഭിച്ചിട്ടുണ്ട്. 17.10.2018, 09.02.2019 എന്നീ തീയതികളിൽ ബാലസഭ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല/ പരിശീലന പരിപാടിയോടനുബന്ധിച്ച് ഭക്ഷണം പാകം ചെയ്തുനൽകിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് മറുപടിക്കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിസ്മയ കുടുംബശ്രീ യൂണിറ്റ് സമർപ്പിച്ച ചെലവ് വൗച്ചറുകൾക്ക് തുല്യമായി രണ്ട് പ്രാവശ്യമായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാമ്പാടി ടൗൺ ശാഖയിലെ 67133324802 നം. അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ചെലവഴിച്ച 50,000/- രൂപക്ക് ആധാരമായ ചെലവ് വൗച്ചറുകൾ ആവശ്യപ്പെട്ടെങ്കിലും, ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ നിലനിൽക്കെ, 50,000/- രൂപയുടെ അടങ്കൽ പദ്ധതിക്ക് അംഗീകാരം നൽകുകയും, 50,000/- രൂപ ചെലവഴിക്കുകയും ചെയ്തത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ, 50,000/- രൂപയുടെ ചെലവ്, ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതിനോടൊപ്പം 10,000/- രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക ചെലവ് തുകയായ 10,000/- രൂപ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിസർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് (എസ്.സി വിഭാഗം) - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി നം. | S0082/2018-19 |
| പദ്ധതി | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്(എസ്.സി വിഭാഗം) |
| അടങ്കൽ തുക | 1,37,600/- |
| ചെലവ് തുക | 1,09,200/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്, മാർഗ്ഗരേഖ പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1) സ്വാതി കിരൺ, പൂവത്തിനാംകുഴിയിൽ, സൗത്ത് പാമ്പാടി

2) അമൽ ദേവ് എസ്.ആർ, സത്രത്തിൽ വീട്, പാമ്പാടി

ലാപ് ടോപ്പിന് ധനസഹായം അനുവദിച്ചിട്ടില്ലെന്നുള്ള ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കാതെ, ആനുകൂല്യം അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/28.10.2019), ടി സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക്

സമർപ്പിക്കുന്നതാണെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രേഖകൾ പൂർണ്ണമായും ലഭ്യമാക്കാതെ, ആനുകൂല്യം അനുവദിച്ച് നൽകിയത് ശരിയായ നടപടിയല്ല, ക്രമപ്രകാരവുമല്ല. ആയതിനാൽ 1,09,200/- രൂപയുടെ പദ്ധതി ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ഹാജരാക്കി, ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിലും നടപടിക്രമങ്ങളിലും ആദ്യന്തം, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയും നിയന്ത്രണവും ഉണ്ടാകേണ്ടതാണ്.

## 1-42 വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.സി വിഭാഗം) - ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല

| | |
|---|---|
| പദ്ധതി നം. | S00118/2018-19 |
| പദ്ധതി | വിദ്യാർത്ഥികൾക്ക് പഠനമുറി(എസ്.സി വിഭാഗം) |
| അടങ്കൽ തുക | 14,00,000/- |
| ചെലവ് തുക | 4,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, ശ്രീ. വിജയൻ. കെ.കെ, കൊച്ചുകുളം, കോത്തല എന്നയാൾക്ക് രണ്ട് ഗഡുക്കളായി 1,00,000/- രൂപ, ബിൽ നം. 07 / 2018-19 / 18.01.2019, 15 / 2018-19 / 08.02.2019 പ്രകാരം ടിയാളുടെ, ഇന്ത്യൻ ഓവർസീസ് ബാങ്ക് 247301000004180 നം. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ ഗുണഭോക്താവായ വിദ്യാർത്ഥി, ശ്രീ ചിന്നഗൗഡ കോളേജ് ഓഫ് നേഴ്സിംഗ്, കോഗിലഹള്ളി, കോലാർ, കർണാടകം എന്ന സ്ഥാപനത്തിലെ നേഴ്സിംഗ് വിദ്യാർത്ഥിയാണ്. കേരളത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവരെയും വിദ്യാർത്ഥിയായി കണക്കാക്കണമെന്നും ബന്ധപ്പെട്ട അസി. എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതാണെന്നും മാർഗ്ഗരേഖയിലെ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി വ്യവസ്ഥകളൊന്നും പദ്ധതി നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/28.10.2019), പദ്ധതിയുടെ ഗുണഭോക്താവായ വിദ്യാർത്ഥി, ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിക്കുന്ന ആളായതിനാലാണ് ആനുകൂല്യം അനുവദിച്ച് നൽകിയതെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത നടപടിയിലൂടെ, മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള ഒരാളുടെ ആനുകൂല്യം നഷ്ടപ്പെടുന്നു. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച വിശദീകരണം, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകളെ സാധൂകരിക്കുന്നില്ല. അന്യസംസ്ഥാനത്ത് ജീവിക്കുകയും അവിടെ വിദ്യാഭ്യാസം നടത്തുകയും ചെയ്യുന്ന ഒരാൾക്ക്, പാമ്പാടി ഗ്രാമ പഞ്ചായത്തിൽ പഠനമുറിയ്ക്ക് ആനുകൂല്യം അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. പഠനമുറി എന്ന ആനുകൂല്യത്തിന് ആവശ്യകതയും അർഹതയും ഇല്ലാത്തവർക്ക് അനുവദിക്കുകവഴി അർഹനായ ഒരു ഗുണഭോക്താവിന്റെ അവസരമാണ് നിഷേധിക്കപ്പെടുന്നത്. സർക്കാർ ആനുകൂല്യങ്ങൾ

ഏറ്റവും അർഹതപ്പെട്ടവർക്കുമാത്രം ലഭ്യമാക്കുന്നതിൽ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്. സർക്കാർ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് എത്തിച്ചേരണമെന്ന ഓഡിറ്റ് നിരീക്ഷണത്തിൽ പ്രസ്തുത പദ്ധതിയുടെ 1,00,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-43 നടപടിക്രമങ്ങൾ പാലിക്കാതെ ആനുകൂല്യം അനുവദിച്ച് നൽകി

| | |
|---|---|
| പദ്ധതി നം. | S00178/2018-19 |
| പദ്ധതി | ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (ജനറൽ വിഭാഗം) |
| അടങ്കൽ തുക | 60,000/- |
| ചെലവ് തുക | 42,000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസർ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, ശ്രീ. വാസുക്കുട്ടൻ നായർ, കൊച്ചുമാളിയേക്കൽ, പൂതക്കുഴി പി.ഒ, പാമ്പാടി എന്നവർക്ക് 6,000/- രൂപ, ടിയാളുടെ, കോർപ്പറേഷൻ ബാങ്ക് 520101254903237 നം. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളതാണ്. ബന്ധപ്പെട്ട അസി. എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകേണ്ടതാണെന്നും, മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തി ഉറപ്പുവരുത്തേണ്ടതാണെന്നും മാർഗ്ഗരേഖയിലെ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി വ്യവസ്ഥകളൊന്നും പദ്ധതി നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. ടി അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുള്ളതും എന്നാൽ രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതുമാകുന്നു. മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രേഖകൾ പൂർണ്ണമായും ലഭ്യമാകാതെ, ആനുകൂല്യം അനുവദിച്ച് നൽകിയത് ശരിയായ നടപടിയല്ല, ക്രമപ്രകാരവുമല്ല. അസി.എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 6000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി, ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിലും നടപടിക്രമങ്ങളിലും ആദ്യന്തം, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയും നിയന്ത്രണവും ഉണ്ടാകേണ്ടതാണ്.

## 1-44 കന്നുകുട്ടി പരിപാലനം- വിനിയോഗവിവരം ലഭ്യമല്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി (പ്രോ.നം.8/19) ഒരു ഗുണഭോക്താവിന് 12,500/- നിരക്കിൽ 43 ഗുണഭോക്താക്കൾക്കുള്ള 5,37,500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മൂന്നുവർഷക്കാലാവധിയുള്ള പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ

ലഭ്യമാക്കേണ്ടതാണ്. വിനിയോഗപൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,37,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-45 ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകളും തുക ഈടാക്കലും

എ) 2018-19 സാമ്പത്തിക വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരുന്നു. തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (08/27.10.19) നല്കുകയും 119020105569/29.10.19, 119020105590/30.10.19, 119020105574/30.10.19 എന്നീ രസീതുകൾ പ്രകാരം 1020/-രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്.

ബി) 2018-19 സാമ്പത്തിക വർഷം പാമ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (09/27.10.19) നൽകുകയും 119020105620/30.10.19, 119020105619/30.10.19, 119020105646/31.10.19 എന്നീ രസീതുകൾ പ്രകാരം ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായ 2160/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സി) രസീത് ബുക്ക് നമ്പർ 5624 രസീത് നമ്പർ 26പ്രകാരം യോഹന്നാൻ, തെക്കേ ചേലാമ്പടം എന്നയാളുടെ 2012-13 മുതൽ 2014-15 വരെയുള്ള വസ്തു നികുതി ഇനത്തിൽ ഈടാക്കിയ 71/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (31/29.10.19) നൽകുകയും മേൽ തുക 119020105583/30.10.19 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്.

ഡി) 10 ലക്ഷം രൂപ അടങ്കലായുള്ള പ്രൊ.നം 248/19 കാർഷികവിപണനകേന്ദ്രം വൈദ്യുതീകരണം ഒന്നാംഘട്ടം എന്ന പ്രൊജക്റ്റിന് ഇടെൻഡർ ക്ഷണിച്ചതിന് 9.9% കുറഞ്ഞ നിരക്കിൽ ഐറ്റം റേറ്റ് ടെൻഡർ സമർപ്പിച്ച ശ്രീ.മനോജ് എം.സി, പവർക്രാഫ്റ്റ് ഇലക്ട്രിക്കൽസ് എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചിരുന്നു. വിവിധ കാരണങ്ങളാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. എക്സ്ട്രാ ഇനമായി ചെയ്ത പ്രവൃത്തികൾക്ക് ടെൻഡർ വ്യതിയാനം കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും നൽകുകയുണ്ടായി. തൻമൂലം കരാറുകാരന് അധികം തുക നൽകിയിരുന്നു. എക്സ്ട്രാ ഇനം 1മുതൽ 6വരെയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള 49244/-രൂപയുടെ 9.9% കുറവ് ചെയ്ത് 44369/- രൂപ നൽകുന്നതിന് പകരം മുഴുവൻ തുകയും നൽകുകയുണ്ടായി. തൻമൂലം അധികമായി 4875/- രൂപ കരാറുകാരന് നൽകുവാനിടയായി. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടി തുക കരാറുകാരൻ തുക തിരികെ അടച്ച് രസീത് (രസീത് നം. 119020500067/29.10.2019) പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 26 നമ്പർ മുറി 2018-19 വർഷം വാടകയ്ക്ക് നൽകിയില്ല- ഗ്രാമപഞ്ചായത്തിന് 7മാസത്തെ വാടകനഷ്ടം

10.08.2018ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ലേലം ഉറപ്പിച്ച് നൽകിയ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 26 നമ്പർ മുറി 2019 മാർച്ച് മാസം മാത്രമാണ് കുത്തകക്കാരന് കൈമാറി നൽകിയത്. 7മാസത്തോളം ടി മുറി വാടകയ്ക്ക് നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് എസ് സി സംവരണമുറിയായ എൻ എസ് സി 26 നമ്പർ മുറിയുടെ 13.04.2018 ൽ നടത്തിയ ലേലം മൽസരാധിഷ്ഠിതമല്ലായിരുന്നുവെന്നും 25.7.2018 ൽ നടത്തിയ പുനർലേലത്തിലൂടെ കാർത്തിക വാസു എന്ന ആൾക്ക് 10.08.2018ലെ കമ്മിറ്റി ലേലം ഉറപ്പിച്ച് നൽകിയിരുന്നുവെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 04.09.2018 കാർത്തിക വാസു ഡെപ്പോസിറ്റ് തുക അടച്ചിരുന്നു. എന്നാൽ ടിയാൾ ലേലസമയത്ത് ഹാജരാക്കിയത് 2009 ലെ ജാതി സർട്ടിഫിക്കറ്റ് ആയതിനാൽ പുതുക്കിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലായെന്ന കാരണത്താൽ മുറി കൈമാറിയിരുന്നില്ല. ടി കാരണത്താൽ 13.11.2018 ലെ കമ്മിറ്റി ടി ലേലം താൽക്കാലികമായി മരവിപ്പിക്കുകയും ചെയ്തു. ടിയാൾ പുതിയ ജാതി സർട്ടിഫിക്കറ്റ് 27.11.18 ൽ ഹാജരാക്കിയെങ്കിലും മുറി കൈമാറി നൽകാതെ 23.01.2019 ലെ കമ്മറ്റി നിയമോപദേശം തേടാൻ തീരുമാനിക്കുകയാണ് ചെയ്തത്. മുറി കൈമാറാമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 28.03.2019 മുറി കൈമാറുകയും ചെയ്തു. ശ്രീമതി കാർത്തിക വാസു 2016-17 വർഷത്തെ ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റിലെ വാട്ടർടാങ്ക് എസ് സി ഗുണഭോക്താവായി ഉൾപ്പെട്ടിരുന്ന വ്യക്തിയാണെന്നു ബോധ്യമുണ്ടെന്നും ടിയാൾ 2009 ലെ ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നതിനാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ഉറപ്പിച്ച് നൽകിയ ലേലം റദ്ദു ചെയ്ത നടപടിക്ക് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ഇത് പരിഗണിക്കാതെ മുറി കൈമാറുന്നതിൽ കാലതാമസം വരുത്തിയതിനാൽ പഞ്ചായത്തിന് വാടകയിനത്തിൽ 177787+ ജി എസ്. റ്റി. രൂപയുടെ നഷ്ടം സംഭവിച്ചതായി വിലയിരുത്തുന്നു. (ലേലമുറപ്പിച്ച10.08.2018 വരെ 31.03.2019 @ 2300+ജി എസ് റ്റി) ടി നഷ്ടത്തിന് നിസ്സാര സാങ്കേതിക തടസ്സങ്ങളുന്നയിച്ച് മുറി കൈമാറുന്നതിൽ വീഴ്ച വരുത്തിയതും ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-8 ൽ പേര് പരാമർശിച്ചിട്ടുള്ളതുമായ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കൺവീനർമാർക്ക് ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം തുക നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്നും 1-7-17 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ അതിന് ശേഷം അളവുകളെടുക്കുന്ന ബില്ലിൽ നിന്നും ടി 5%തുക കുറവ് ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് (ഡിബി3-9058/17/ CE/LSGD/dt 16-3-18). താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിരിക്കുന്നത് OH ആയി 7.5% തുക കൂടി ഉൾപ്പെടുത്തിയാണ്. ബിൽ

തുകയിൽ നിന്ന് ആദായനികുതിയിനത്തിൽ 2% തുകയും ക്ഷേമനിധിയിനത്തിൽ 1%തുകയുമാണ് കുറവ് ചെയ്തിരുന്നത്. ആയതിനാൽ ആകെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത 3% ഒഴികെയുള്ള തുക അധികമായി കൺവീനർക്ക് നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | വേലമൂല്യം/നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 55/19പന്നമാക്കൽ പുറകുളം പാടശേഖരം നടപ്പാത പുനരുദ്ധാരണം കൺവീനർ-മേരി കുര്യാക്കോസ് | 39504 (MG-റോഡ്) (ബിൽ നം 93/20-3-19) | 39504x1.03/1.075 =37850 | 1654 |
| 57/19 തെക്കേപ്പറമ്പിൽ പടി മനത്താനത്ത് നടപ്പാത പുനരുദ്ധാരണം കൺവീനർ-ഷൈജു.എ.എസ് | 44913(MG-റോഡ്) (ബിൽ നം 95/20-3-19) | 44913x1.03/1.075 =43033 | 1880 |
| 58/19തെക്കേപ്പറമ്പിൽപ്പടി തേമ്പള്ളിപ്പടി നടപ്പാത പുനരുദ്ധാരണം കൺവീനർ-കനകമ്മ ബാലചന്ദ്രൻ | 38299(MG-റോഡ്) (ബിൽ നം 94/20-3-19) | 38299x1.03/1.075 =36696 | 1603 |
| ആകെ അധികം നൽകിയ തുക | | | 5137 |

കൺവീനർമാർക്ക് ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം തുക നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് (നം30) മറുപടിയായി അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഈടാക്കിക്കൊള്ളാം എന്ന് അറിയിച്ചു. 5137/- രൂപ അധികം നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## 3-2 തേനീച്ച കോളനി വിതരണം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

പ്രോജക്ട് - 37/19 - തേനീച്ച കോളനി വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

അടങ്കൽ - 40000 (വികസന ഫണ്ട് - പൊതുവിഭാഗം) + 110000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 92960 (ഗുണഭോക്തൃ വിഹിതം)

ചെലവ് - 40000 (വികസന ഫണ്ട് - പൊതുവിഭാഗം)(ബിൽ നം 9/30-11-18) + 20000 (ഗുണഭോക്തൃ വിഹിതം)

മേൽ പ്രോജക്ടിലെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) സർക്കാർ ഉത്തരവ് (കൈ) 22/2018/തസ്വഭവ തീയതി 14.02.2018 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി 2 തേനീച്ചക്കൂടുകൾ നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 2ൽ കൂടുതൽ തേനീച്ചക്കൂടുകൾ നൽകിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തേനീച്ചക്കൂടുകളുടെ എണ്ണം |
|---|---|---|
| 1 | ബിജു വർഗീസ്<br>കളപ്പുരക്കൽ | 3 |
| 2 | എം പി കുര്യാക്കോസ്<br>മാലത്ത് | 4 |
| 3 | കൊച്ചുമോൾ തോമസ്<br>മലയമറ്റത്തിൽ | 4 |
| 4 | മാത്യു ഫിലിപ്പ്<br>ഈരോത്ത് | 3 |
| 5 | എബിൻ കെ രാജ്<br>കുർക്കവകയിൽ | 4 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/28.10.19) മറുപടി ലഭ്യമായിട്ടില്ല. ഒരു തേനീച്ചക്കൂടിന് 1000 രൂപ ചെലവായിട്ടുള്ളതും ഒരു ഗുണഭോക്താവിൽ നിന്നും ഒരു തേനീച്ചക്കൂടിന് 400 രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുള്ളതുമാണ്. വികസന ഫണ്ടിൽ നിന്നും 600 രൂപ ഒരു തേനീച്ചക്കൂടിനായി വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഒരു ഗുണഭോക്താവിന് 2 ൽ കൂടുതൽ തേനീച്ചക്കൂടുകൾ നൽകിയതു മൂലം മറ്റ് ഗുണഭോക്താക്കളുടെ അവസരം നഷ്ടമാകുകയാണ് ചെയ്തിട്ടുള്ളത്. ഒരു തേനീച്ചക്കൂടിന് 600 രൂപ നിരക്കിൽ കൂടുതലായി നൽകിയ 8 തേനീച്ചക്കൂടുകളുടെ ചെലവായ 4800/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി തുക നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## 3-3 ബാലസഭ പ്രവർത്തനങ്ങൾക്ക് അധികതുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതി നം. | S00182/2018-19 |
| പദ്ധതി | ബാലസഭ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | 50,000/- |
| ചെലവ് തുക | 50,000/- |

| | |
|---|---|
| ബിൽ നം. | 01/2018-19/26.11.2018 (16,500/-)<br>17/2018-19/23.02.2019<br>(33,500/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്, ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 2018-19 വർഷം ബാലസഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതി 50,000/- രൂപയുടെ അടങ്കൽ പദ്ധതിക്ക് അംഗീകാരം നൽകുകയും, 50,000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/29.10.2019), മറുപടി ലഭിച്ചിട്ടുണ്ട്. 17.10.2018, 09.02.2019 എന്നീ തീയതികളിൽ ബാലസഭ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല/ പരിശീലന പരിപാടിയോടനുബന്ധിച്ച് ഭക്ഷണം പാകം ചെയ്തുനൽകിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് മറുപടിക്കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിസ്മയ കുടുംബശ്രീ യൂണിറ്റ് സമർപ്പിച്ച ചെലവ് വൗച്ചറുകൾക്ക് തുല്യമായി രണ്ട് പ്രാവശ്യമായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാമ്പാടി ടൗൺ ശാഖയിലെ 67133324802 നം. അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ചെലവഴിച്ച 50,000/- രൂപക്ക് ആധാരമായ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഗ്രാമ പഞ്ചായത്ത് തലത്തിൽ 40,000/- രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കാവുന്നതാണെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ നിലനിൽക്കെ, 50,000/- രൂപയുടെ അടങ്കൽ പദ്ധതിക്ക് അംഗീകാരം നൽകുകയും, 50,000/- രൂപ ചെലവഴിക്കുകയും ചെയ്തത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ 10,000/- രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും 10,000/- രൂപ, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി സോണിയ.പി.മാത്യുവിന്റെ ബാദ്ധ്യതയാകുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 29.12.18 | 1140000 | 287/19, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 0 | 1140000 |

| | | | | | |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 29.09.18 | 71875 | 45/19, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 71875 | 0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 22.10.18 | 100000 | 41/19, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 31.03.19 | 250000 | 222/19, പാറക്കാവ് കുടിവെള്ള പദ്ധതി | 250000 | |
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 18.03.19 | 110000 | 37/19, തേനീച്ച കോളനി വിതരണം | 0 | 110000 |
| ജില്ലാ പഞ്ചായത്ത് | 22.09.18 | 100158 | 188/19, ലൈഫ് (എസ് സി) | 0 | 100158 |
| ജില്ലാ പഞ്ചായത്ത് | 22.09.18 | 142744 | 181/19 ലൈഫ് (ജനറൽ) | 102744 | 40000 |
| ജില്ലാ പഞ്ചായത്ത് | 20.03.19 | 200000 | 41/19, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 31.03.19 | 200000 | 45/19, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ആകെ | | 2314777 | | 924619 | 1390158 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 262/19, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ രണ്ടാംഘട്ടം | 1234546 | 0 | 1234546 |
| | 291/19, മാങ്കുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം | 205521 | 0 | 205521 |
| | 284/19, കരിങ്ങണാംപൊയ്ക കുടിവെള്ള പദ്ധതി ത്രീ ഫേസ് കണക്ഷൻ | 52637 | 0 | 52637 |
| | 204/19, അണ്ണായികോളനി രണ്ടാംഘട്ടം സ്ട്രീറ്റ് മെയിൻ വലിക്കൽ | 92966 | 0 | 92966 |
| ഭൂജല വകുപ്പ് | 40/19, ആറാം വാർഡ് ബോർവെൽ നിർമ്മാണം | 150000 | 0 | 150000 |
| | 53/19, 8-ാം വാർഡ് ഓർവയൽ പുളവൻമല ജംഗ്ഷനിൽ കുഴൽകിണർ | 90000 | 0 | 90000 |
| | 186/19, 17-ാം വാർഡിൽ കിളിരുപ്പറമ്പ് ഭാഗത്ത് കുഴൽകിണർ | 50000 | 0 | 50000 |
| ഭൂജല വകുപ്പ് | 277/19, കുറിച്ചിമല അംഗൻവാടി കുഴൽകിണർ | 45000 | 0 | 45000 |
| ഭൂജല വകുപ്പ് | 286/19, 8-ാം വാർഡ് ഓർവയൽ കുമ്പടികുന്ന് കുടിവെള്ള പദ്ധതി | 41570 | 0 | 41570 |

| | | | | |
|---|---|---|---|---|
| | കുഴൽകിണർ | | | |
| ഭൂജല വകുപ്പ് | 316/19, 6-ാം വാർഡിൽ കുഴൽകിണർ | 38730 | 0 | 38730 |
| ഭൂജല വകുപ്പ് | 317/19, 12-ാം വാർഡിൽ പൊയ്യക്കര ഭാഗത്ത് കുഴൽകിണർ | 40000 | 0 | 40000 |
| മൈനർ ഇറിഗേഷൻ | 177/19, ചെക്ക് ഡാം വിവിധ വാർഡുകളിൽ | 900000 | 0 | 900000 |
| മൈനർ ഇറിഗേഷൻ | 28/19, ചെക്ക് ഡാം അറ്റകുറ്റപ്പണി | 350000 | 0 | 350000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) 20000000/- രൂപ | സ ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | 1,98,60,000 | 1,56,20,000 | 2,40,000 | 40,00,000 | 11860000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | ആകെ |
|---|---|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1692347 | 1768559 | 3460906 |

| | | | |
|---|---|---|---|
| | | | |
| തൻവർഷം നിക്ഷേപിച്ച തുക | - | - | - |
| പലിശ | 143849 | 150328 | 294177 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1836196 | 1918887 | 3755083 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2011-12 | 2-6 | കെഎസ്ഇബി – നിക്ഷേപ പ്രവൃത്തി – 5,65,742/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2009-10 | 3-2 | 2011-12 | 2-6 | കേരള വാട്ടർ അതോറിറ്റി – 3,79,000/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1999-02 ജനകീയാസൂത്രണ പദ്ധതി | ഖണ്ഡിക 10 | 2003-04 | ഖണ്ഡിക 35-3 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു (25,000/- രൂപ) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94679400 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78673830 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 177787 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19937 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5193212 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 177787 | | സുജാതാ ശശീന്ദ്രൻ, വാർഡ് I<br>രജനി ബിജു -വാർഡ്II<br>സെബാസ്റ്റ്യൻ ജോസഫ്-വാർഡ് IV<br>ഏലിയാമ്മ -വാർഡ്V<br>ഷേർളി തര്യൻ-വാർഡ്VI<br>തോമസ് കെ ജോൺ-വാർഡ്VII<br>രമണി എം. വാർഡ്-VIII<br>ജേക്കബ് കുര്യൻ, വാർഡ്-IX<br>കെ.ജി ബാബു, വാർഡ്-X<br>പി എം. വർഗീസ്, വാർഡ്-XI<br>ഉഷാകുമാരി പി എസ്, വാർഡ് -XII<br>ഡോ. ശോശക്കുട്ടി ജേക്കബ്<br>വാർഡ്- XIII<br>ഫിലിപ്പോസ് തോമസ്, വാർഡ്-XIV<br>സന്ധ്യാ രാജേഷ്, വാർഡ് -XV<br>ജിജിമോൾ പി എസ്, വാർഡ്- XVI<br>ജോളി പി ഐസക്, വാർഡ് – XVII<br>മധുകുമാർ കെ.എസ്, വാർഡ് -XVIII<br>ഷിബു റ്റി ഫിലിപ്പോസ്, വാർഡ് – XX |

| | | | |
|---|---|---|---|
| 3-1 | | 5137 | ശ്രീമതി ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4800 | ശ്രീ.പ്രവീൺ ജോൺ, കൃഷി ഓഫീസർ |
| 3-3 | | 10000 | ശ്രീമതി സോണിയ.പി.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 177787 | 19937 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 86570 | ശ്രീ.കെ.എൻ രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| 1-32 | 3637319 | ശ്രീമതി ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 889423 | ശ്രീമതി ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 2400 | ശ്രീ.പ്രവീൺ ജോൺ, കൃഷി ഓഫീസർ |
| 1-40 | 40000 | ശ്രീമതി സോണിയ.പി.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 100000 | ശ്രീമതി സോണിയ.പി.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-44 | 537500 | ഡോ.ബിനോയ്.പി.മാത്യു, വെറ്ററിനറി സർജൻ |
| ആകെ | 5193212 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആഷാ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാമ്പാടി ഗ്രാമപഞ്ചായത്ത് | തുണ്ടിയിൽ, കിടങ്ങറ പി.ഒ. ആലപ്പുഴ |

| | | |
|---|---|---|
| ശ്രീ.പ്രവീൺ ജോൺ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പാമ്പാടി ഗ്രാമപഞ്ചായത്ത് | ആഞ്ഞിലിത്തറ, അയ്മനം പി.ഒ, കോട്ടയം |
| ശ്രീമതി സോണിയ.പി.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പാമ്പാടി ഗ്രാമപഞ്ചായത്ത് | മാങ്ങാക്കണ്ടത്തിൽ, മണർകാട് പി.ഒ. കോട്ടയം |
| സുജാതാ ശശീന്ദ്രൻ, വാർഡ് I | ഗ്രാമപഞ്ചായത്ത് മെമ്പർ | വെട്ടിപ്പറമ്പിൽ, വെള്ളൂർ |
| രജനി ബിജു -വാർഡ്II | ഗ്രാമപഞ്ചായത്ത് മെമ്പർ | മണ്ണകത്ത്, വെള്ളൂർ |
| സെബാസ്റ്റ്യൻ ജോസഫ്-വാർഡ് IV | ഗ്രാമപഞ്ചായത്ത് മെമ്പർ | വെള്ളകോട്ട് |
| ഏലിയാമ്മ -വാർഡ്V | ഗ്രാമപഞ്ചായത്ത് മെമ്പർ | വെള്ളൂത്തോട്ടം, വെള്ളൂർ |
| ഷേർളി തര്യൻ-വാർഡ്VI | ഗ്രാമപഞ്ചായത്ത് മെമ്പർ | പുളിയ്ക്കൽ, പാമ്പാടി |
| തോമസ് കെ ജോൺ-വാർഡ്VII | ഗ്രാമപഞ്ചായത്ത് മെമ്പർ | കരിങ്ങണാമറ്റം, പാമ്പാടി |
| രമണി എം. വാർഡ്-VIII | ഗ്രാമപഞ്ചായത്ത് മെമ്പർ | താമരശ്ശേരിൽ, പൂതക്കുഴി |
| ജേക്കബ് കുര്യൻ, വാർഡ്-IX | ഗ്രാമപഞ്ചായത്ത് മെമ്പർ | കുളത്താമ്മാക്കൽ, പൂതക്കുഴി പി.ഒ. |
| കെ.ജി ബാബു, വാർഡ്-X | ഗ്രാമപഞ്ചായത്ത് മെമ്പർ | കടമാൻകുന്നേൽ, പാമ്പാടി |
| പി എം. വർഗീസ്, വാർഡ്-XI | ഗ്രാമപഞ്ചായത്ത് മെമ്പർ | പയ്യംപള്ളിൽ, സൗത്ത് പാമ്പാടി |
| ഉഷാകുമാരി പി എസ്, വാർഡ് -XII | ഗ്രാമപഞ്ചായത്ത് മെമ്പർ | കളപ്പുരയ്ക്കൽ, സൗത്ത് പാമ്പാടി |
| ഡോ. ശോശാകുട്ടി ജേക്കബ് വാർഡ്- XIII | ഗ്രാമപഞ്ചായത്ത് മെമ്പർ | കുരയ്ക്കവയൽ, സൗത്ത് പാമ്പാടി |
| ഫിലിപ്പോസ് തോമസ്, വാർഡ്-XIV | ഗ്രാമപഞ്ചായത്ത് മെമ്പർ | തെക്കേക്കര, സൗത്ത് പാമ്പാടി |
| സന്ധ്യാ രാജേഷ്, വാർഡ് -XV | ഗ്രാമപഞ്ചായത്ത് മെമ്പർ | കിഴക്കേതിൽ, പോത്തൻപുറം |
| ജിജിമോൾ പി എസ്, വാർഡ്- XVI | ഗ്രാമപഞ്ചായത്ത് മെമ്പർ | പേഴമറ്റം, പാമ്പാടി |

| | | |
|---|---|---|
| ജോളി പി ഐസക്, വാർഡ് – XVII | ഗ്രാമപഞ്ചായത്ത് മെമ്പർ | കാരയ്ക്കാമറ്റംപറമ്പിൽ, വെള്ളൂർ |
| മധുകുമാർ കെ.എസ്. വാർഡ് -XVIII | ഗ്രാമപഞ്ചായത്ത് മെമ്പർ | കാരയ്ക്കാമറ്റം പറമ്പിൽ, വെള്ളൂർ |
| ഷിബു റ്റി ഫിലിപ്പോസ്, വാർഡ് – XX | ഗ്രാമപഞ്ചായത്ത് മെമ്പർ | തെക്കേക്കുറ്റ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- |
| 1998-99 (DCB) | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(2)/ 1.2.18 | 2 |
| 1998-99 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(3)/ 1.2.18 | 4 |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- |
| 2002-03 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(4)/ 1.2.18 | 4 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(5)/ 1.2.18 | 2 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(6)/ 1.2.18 | 6 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(7)/ 1.2.18 | 3 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(8)/ 1.2.18 | 1 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(9)/ 1.2.18 | 5 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(10)/ 1.2.18 | 2 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(11)/ 1.2.18 | 7 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(12)/ 1.2.18 | 10 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(13)/ 1.2.18 | 16 |
| 2012-13 | എൽ.എഫ്.കെ.പി.12/22/15/6.10.15/ 13.11.15 | 14 |
| 2013-14,14-15 | എൽ.എഫ്.കെ.പി.12/910/16/8.8.16/ 23.8.1616 | 15 |
| 2015-16 | കെ.എസ്എ.കെടിഎം.പി13/672/17/19.1.18 | 16 |
| 2016-17 | കെ.എസ്എ.കെടിഎം.പി13/1495/ 17/22.1.18 | 17 |
| 2017-18 | കെ.എസ്എ.കെടിഎം.പി13/437/ 19/27.04.19 | 27 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13/1701/2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോട്ടയം, പിൻ 686002**

**doktm.ksad@kerala.gov.in**

**ഫോൺ : 04812564886**

തീയതി. 07.12.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **പാമ്പാടി** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡികയിൽ വിവരിക്കുന്ന അപാകതകൾ ഒഴികെ **പാമ്പാടി** ഗ്രാമപഞ്ചായത്തിന്റെ **2018-19**-ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം**